# THE CHURCH WEEKLY

| Vol. VIII. | SUNDAY 22ND AUGUST 1954 | PRICE 2 ANNAS A COPY | NO. 33 |
|---|---|---|---|


## THE CHURCH IN INDIA

Dr: N. Zernov

II

### Causes of Difference

If one looks for such information in the manuals of theology or in Church history one seldom finds a satisfactory answer to the question. Some books mention the controversy about the procession of the Holy Spirit, the so called 'Filisque Clause,' as the main reason for the quarrel between the Eastern and Western Christians. Others refer to the obstinate refusal of the Orthodox to recognize Papal claims as the cause of the split. But hardly any of these words attempt to analyse those deep seated divergencies in outlook which provoked such a lasting antagonism between these two sections of the Church.

The reason for such an omission is that Eastern and Western theologians are only now beginning to understand the causes of their dispute; for these consist not of differences in faith, but in the general attitude to life. Eastern and Western Christians are not one in their belief in the Holy Trinity and the Incarnation. They have the same Bible, the same creed, and the same sacraments. But when they come to the application of the Christian faith to their daily life they display a marked difference in approach to religion. The Western pattern, both Roman and Protestant, is basically individualistic, the Eastern communal. The West distinguishes sharply between matter and spirit, the East sees them as a part of the same creation. The West interprets redemption as God's action affecting men. The East recognizes also its cosmic significance.

The East and the West are not opposed to each other on all these points. They are complementary, for only as their interpretations are taken together do they give the balanced Christian answer to such problems as the relation between individual and community, or the interdependence of matter and spirit. These two problems stand in the centre of the modern dilemma and their proper solution is the task confronting the churches all over the world. In the past Eastern and Western Christians were irritated by their different approaches to these vital issues and accused each other of various superstitions and gross ignorance. But these differences ought to be treated as manifestations of the richness and universality of the Christian Church and not as a scandal. Most of the characteristics of Eastern and Western worship and liturgical practice as the concealed Eastern and open Western altars, the shape of their Eucharists, the relations between clergy and laity, the attitude towards marriage and the other sacraments—all these features of church life can be explained in the light of those fundamental convictions which shape Eastern and Western Christians into two clearly distinguishable groups. These characteristics deserve a very careful study at present, for once they are properly understood they stop being the stumbling blocks on the road to co-operation and become an inspiring proof that the unity of the Church does not mean uniformity, and that every race of mankind has an honoured place in the universal fellowship of the believers in the Incarnation.

Such are some of the impressions and conclusions which contacts with the churches in India have left on my mind.

### The Future of the Church

In conclusion, I should like to summarise them briefly:

1. I believe that the further expansion of Christianity in India depends mainly on the transformation of the present churches into a missionary active body.
2. This change presupposes their Indianization, which will result in the disappearance from the Indian soil of Western denominations.
3. This Indianization can be successfully achieved only when Eastern and Western Christians form in India one body and harmonize their two traditions.
4. The Syrian Orthodox occupy the key position but their ability to take an active part in the life of Indian Christianity depends on their reconciliation with the main body of the Eastern Church who can help them to break away from their present narrow caste mentality.
5. The future of the Church in India therefore is linked not only with the success or failure of the local reunion schemes, but also with destiny of the great Eastern Orthodox churches, whose help and advice is essential for the revitalization of the Syrian community in

അസ്സീസ്സിയിലെ ഫ്രാൻസിസ് 8

# ദുർഭഗനായ പിതാവും നിർഭയനായ പുത്രനും

എം. കുര്യൻ ബി. എസ്‌സി., കോതമംഗലം

മടക്കയാത്രയിൽ പീട്രോയുടെ മനസ്സു പശ്ചാത്താപഭരിതമായി. തിരിച്ചെത്തിയാൽ, തന്റെ മൂത്ത മകനോടു് കുറേക്കൂടി ദയാമസൃണമായി പെരുമാറണമെന്നു് തീരുമാനിച്ചു. പക്ഷേ, വീട്ടിലെത്തിയപ്പോൾ എന്താണു കണ്ടതു് തടവുമുറി ശൂന്യമായിക്കിടക്കുന്നു. ബന്ധനസ്ഥൻ സ്വതന്ത്രനാക്കപ്പെട്ടു കഴിഞ്ഞു. പിതാവിന്റെ കണ്ണുകൾ കോപംകൊണ്ടു ജ്വലിച്ചു; എന്തു്! ഇത്രക്കായോ? പീട്രോ പത്നിയുടെ നേർക്കു തിരിഞ്ഞു. ആ വത്സലമാതാവു് തല കുനിച്ചു, മൗനം ഭജിച്ചു. അല്ലെങ്കിൽ എന്തിനു് ഇവളെ പറയുന്നു? സ്ത്രീ എന്നും അബലയാണു', ദുർബലചിത്തയാണു്. വിളഞ്ഞ മകന്റെ മിരട്ടിൽപ്പെട്ടു് ഇവൾ അവനെ തുറന്നു വിട്ടിരിക്കണം. ഇവളോടു കയർത്തുകൊണ്ടു യാതൊരു പുണ്യവുമില്ല, പീട്രോ ആത്മഗതം കൊണ്ടു.

മകന്റെ നേർക്കുള്ള രോഷം കത്തിക്കാളുകയാണു്. പീട്രോ ഓടിയിറങ്ങി സാൻഡാമിയാനോവ ലേക്കുള്ള കുന്നിൻ പുറത്തുടെ ഒരു അസ്സൽ ഭ്രാന്തന്റെ ലക്ഷണമുണ്ടു്. കയ്യിൽ കിട്ടിയാൽ കാച്ചിക്കളയുമെന്നൊരു ഭാവം.

ഇത്തവണ ഫ്രാൻസിസ് ഓടി മറഞ്ഞില്ല, വിനയാദരപുരസ്സരം എഴുന്നേററു മാറി നിന്നതേയുള്ളു. പീട്രോ മകനെ ഭത്സിക്കാൻ തുടങ്ങി, ശകാരവാക്കുകൾ വർഷിച്ചു. അതനുപാകേ, കടുത്തപ്രഹരങ്ങളും. ആ യുവാവിൽ യാതൊരു ഭാവവ്യത്യാസവുമില്ല. നിശ്ശബ്ദനായി നിന്നു് എല്ലാം സഹിക്കുകയാണു്. ഈ അക്ഷോഭ്യത പീട്രോയെ കൂടുതലായി ക്ഷോഭിപ്പിച്ചതേയുള്ളു. അദ്ദേഹം അലറി: 'കള്ളനും കുലദ്രോഹിയുമായവനെ, കടയിൽനിന്നു അപഹരിച്ച പണമെല്ലാം തിരച്ചേൽപ്പിച്ചു് എന്റെ കൂടെ വീട്ടിലേക്കു മടങ്ങുക. അതിനു മനസ്സില്ലെങ്കിൽ നിന്റെ കിറുക്കുംകൊണ്ടു് ഇറങ്ങിപ്പൊയ്ക്കൊള്ളണം; ഒരു കാലത്തും എന്റെ യാതൊരു സ്വത്തിനും അവകാശിയാകയില്ലെന്നോർത്തുകൊള്ളുക."

ശാന്തസ്വരത്തിൽ മകൻ മറുപടി പറഞ്ഞു: "അപ്പന്റെ സ്വത്തിലൊരോഹരി ലഭിക്കണമെന്നു് എനിക്കു് ആഗ്രഹമില്ല. പക്ഷേ, പണം തിരിച്ചേൽപ്പിക്കാൻ എനിക്കു് നിർവാഹമില്ലാതാണിരിക്കുന്നതു്. അതു് പള്ളി പണിക്കായി കൊടുത്തുപോയി.

"ഓഹോ, അങ്ങനെതന്നെയോ, ഞാനൊന്നു നോക്കട്ടെ പീട്രോ തിരിഞ്ഞു നടന്നു.

മിനേർവാക്ഷേത്രത്തിനെതിരായുള്ള കോർപ്പറേഷൻ മന്ദിരത്തിലേക്കു അദ്ദേഹം കയറിച്ചെന്നു, തന്റെ പുത്രനെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ടു. മേയറും കൗൺസിലംഗങ്ങളും അമ്പരന്നു. ഉദാരമായ സംഭാവനകൾ നൽകുന്ന വർത്തക പ്രമാണിയെ പിണക്കാൻ അവർക്കാർക്കും ഇഷ്ടമില്ല. എന്നാൽ, പീട്രോയുടെ നിർദ്ദേശം അവർക്കു് ഒട്ടുംതന്നെ ഹിതകരമായതുമില്ല. അവർ ഒരടവു പ്രയോഗിക്കാൻ നിശ്ചയിച്ചു കൗൺസൽ സമക്ഷം ഹാജരാകാൻ ഫ്രാൻസിസിനോടു ആവശ്യപ്പെട്ടുകൊണ്ടു് അവർ ഒരു സമൻസ് അയച്ചു. താൻ ഒരു 'മതപ്രവർത്തകനാണെന്നും തന്മൂലം സിവിൽ നിയമത്തിന്റെ അധികാരവലയത്തിനു വെളിയിലാണെന്നും പറഞ്ഞു് ഫ്രാൻസിസ് സമൻസ് നിഷേധിച്ചു. കൗൺസിൽ ഈ നേരിയ നാരിൽ പിടിച്ചു തൂങ്ങി. കേസ് തങ്ങളുടെ അധികാരപരിധിയിൽപെടുന്നതല്ലെന്നു പീട്രോയെ അറിയിച്ചു.

പീട്രോ പിന്മാറിയില്ല. വ്രണിതമായ അഭിമാനം എളുപ്പം കരിയുന്നതല്ല. അതു് വിങ്ങിപ്പൊട്ടിക്കൊണ്ടേയിരിക്കും. പ്രതികാരദാഹിയായ മിഥ്യാഭിമാനത്തിന്റെ വേദന യാതൊരു സ്വാസ്ഥ്യവും നൽകുന്നില്ല. 'ശരി, സിവിൽ കോടതികൾക്കു വയ്യെങ്കിൽ, സഭാകോടതിതന്നെ കൂടട്ടെ! ബിഷപ്പിന്റെ അടുക്കൽ കേസ്സ് ഫയലാക്കി.

പല വിധത്തിലും ശ്രദ്ധേയനായ ഒരു വ്യക്തിയാണ് ബിഷപ്പ് ഗിദ്ദോ. ദയാലുവും കുഴഞ്ഞ ചിന്താഗതിക്കാരനും സാധാരണനും. അത്യധികം വ്യവഹാരപ്രിയനുമായ ഒരു മഹാ പുരോഹിതനാണദ്ദേഹം. മരണപര്യന്തം അദ്ദേഹം ഫ്രാൻസിസിനെ സ്നേഹിക്കുകയും പിന്തുണ നൽകുകയും ചെയ്തിരുന്നു. പക്ഷേ ഫ്രാൻസിസിന്റെ ലക്ഷ്യമെന്താണെന്നു് മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. തന്മൂലം, സുരക്ഷിതവും യാഥാസ്ഥിതികവുമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു മാത്രമേ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുള്ളു. സ്വന്തം അധികാരങ്ങളുടെ ബാഹ്യവൃത്തത്തിൽ മാത്രം ആരെങ്കിലും സ്പർശിച്ചാൽ മതി, ഉടൻ നിയമനടപടികൾ അവലംബിക്കുക അദ്ദേഹത്തിനു ഏററവും ഹൃദ്യമായ ഒരു ക്രിയയായിരുന്നു. ഒരു കൈകൊണ്ടു് അദ്ദേഹം ഫ്രാൻസിസിനു് അനുസ്യൂതമായ പിന്തുണ നൽകുന്നതായും മറേറകൈകൊണ്ടു് നിയമപരമായ വഴക്കുകൾ കുത്തിപ്പൊക്കുന്നതായും കാണാം.

ഇവിടെയിതാ ഒരു കേസ്സ്. സഭയുടെ നിയമപരമായ അധികാരം ഊന്നിസ്ഥാപിക്കുന്നതിനുള്ള ഒരു അസുലഭസന്ദർഭം ബിഷപ്പ് അതിൽ കണ്ടു. സരസമായ ഒരു നൈയാമിക വിവാദം കേട്ടു് രസിക്കുകയും ചെയ്യാം. തന്റെ പ്രീതിവാത്സല്യങ്ങൾക്കു പാത്രീഭൂതനായ ഒരു യുവാവിനു് വല്ലതും ഒരു കൈത്താങ്ങു കൊടുക്കാൻ സാധിച്ചെങ്കിൽ അതുമായി. കേസു വിചാരണയ്ക്കുള്ള നോട്ടീസുകൾ കാലതാമസമെന്യേ പുറപ്പെടുവിച്ചു. ഫ്രാൻസിസ് മറുപടി നൽകി. ഞാൻ സന്തോഷപൂർവം എന്റെ ബിഷപ്പുതിരുമേനി സമക്ഷം ഹാജരാകാം. അദ്ദേഹം ആത്മാക്കളുടെ പിതാവും കർത്താവുമാണല്ലോ.

വിചാരണ ദിനം സമാഗതമായി. അസ്സീസ്സിയിൽ അതൊരു മഹാദിനമായിരുന്നു.

---

Travancore.

The fate of the Church in Russia and in the Balkans may appear remote from Indian concerns as having no bearing upon the victory of Christian faith in this vast sub-continent. But a closer analysis reveals their interdependence. The recovery of religious freedom in Eastern Europe is bound to have a far reaching consequence for the future of Christians in Asia, for the Orthodox have a great contribution to make to the growth of the church in India, which being thoroughly national in its cult, art and expression, will yet be truly universal in its teaching and inspiration. Such a church will not be only a powerful evangelistic body among its own people but also a leading member of the oecumenical family of Christians. For the whole world stands in need of the Indian Church incorporating in the life and worship the wisdom and devotion of the inhabitants of this ancient and glorious land.

ഒരു പൗരമുഖ്യനും പുത്രനും തമ്മിലുള്ള വിവാദം കർണ്ണാകർണ്ണികയായി ആ ദേശത്തെങ്ങും പരന്നു. മുക്കിലും മൂലയിലും ഹർമ്മ്യങ്ങളിലും കുടിലിലും അതൊരു സംസാരവിഷയമായി. അനേകം പേർ പീദ്രോയുടെ ഭാഗം ന്യായമാണെന്നു കരുതി. മകന്റെ ഭാഗത്താണ് യുക്തിയെന്നു വാദിക്കാൻ മറ്റു ചിലർ ഒരുമ്പെട്ടു. വിഭിന്നരൂപത്തിലും ഭാവത്തിലുമുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും സർവ്വത്ര ഉയർന്നു കേൾക്കാറായി. വിചാരണ ദിനം അതിരാവിലെതന്നെ ബിഷപ്പ്സ് പാലസിലെ വിചാരണ ഹാൾ ജനനിബിഡമായി, മുറ്റത്തും തോട്ടത്തിലും ജനങ്ങൾ തിങ്ങിക്കൂടി.

ബിഷപ്പ് ഗിദ്ദോ സിംഹാസനസ്ഥനായി. പീദ്രോ ബിഷപ്പിന്റെ ഒരു വശത്തും ഫ്രാൻസിസ് മറുവശത്തും നിലയുറപ്പിച്ചു. തന്റെ സ്ഥാനത്തിനു ഉചിതമാം വിധം വിലയേറിയ ഉടുപ്പുകളാണ് ഫ്രാൻസിസ് അന്നു ധരിച്ചിരുന്നത്.

പരിപൂർണ്ണ നിശ്ശബ്ദത. ജനങ്ങൾ നിർന്നിമേഷരായി നോക്കി നിന്നു. ബിഷപ്പിൽനിന്ന് വാദിയിലേക്കും പ്രതിയിലേക്കും അവരുടെ ദൃഷ്ടി വിക്ഷേപങ്ങൾ നീങ്ങിക്കൊണ്ടിരുന്നു.

പീദ്രോ തന്റെ കേസു വിവരിച്ചു. ഫ്രാൻസിസ് പരിപൂർണ്ണ നിശ്ശബ്ദത പാലിച്ചതേയുള്ളു. ആ യുവാവിന് ഒന്നും പറയാനില്ല. വിധി പറയാൻ ബിഷപ്പ് എഴുന്നേറ്റു. മൊട്ടുസൂചി വീണാൽ കേൾക്കത്തക്ക നിശ്ശബ്ദത.

"ഫ്രാൻസിസേ, നിന്റെ പിതാവ് നിന്നെക്കൊണ്ട് വളരെയധികം ക്ലേശമനുഭവിക്കുന്നു. മകനേ, ദൈവത്തിന്റെ ദാസനായിരിക്കാൻ നീ ആഗ്രഹിക്കുന്നപക്ഷം, പീദ്രോയുടെ പണം തിരിച്ചുകൊടുത്തയക്കുക. ആ പണം എടുത്തതിൽ ക്രമരഹിതമായി എന്തെങ്കിലും പ്രവർത്തിക്കേണ്ടിവന്നുവെങ്കിൽ സഭാസേവനാർത്ഥം അത് വിനിയോഗിക്കാൻ ദൈവം അനുഗ്രഹിക്കുകയില്ല. മകനേ ആ പണം മടക്കിക്കൊടുക്കുക. അങ്ങനെ പിതൃകോപം ശമിപ്പിക്കാൻ നിനക്കു കഴിഞ്ഞേക്കും. സാൻഡാമിയാനോ ചാപ്പൽ പുനരുദ്ധരിക്കണമെന്നുള്ള നിന്റെ ആഗ്രഹം ദൈവതിരുഹിതമെന്നുവരുകിൽ നിനക്കാവശ്യമുള്ള പണം മുഴുവൻ മറ്റുവിധത്തിൽ ഉണ്ടാക്കുന്നതിനു ദൈവത്തിനു കഴിയും.

ഫ്രാൻസിസ് ഉടൻ അനുസരിച്ചു. ബിഷപ്പ് പറഞ്ഞതനുസരിച്ച്, ആ പണം തിരിച്ചു കൊടുത്തു. അന്യാദൃശവും അസാധാരണവുമായ ഒരു ധീരകൃത്യമാണ് അതേത്തുടർന്നു നടന്നത്.

തിരുമേനി, ആ പണം മാത്രമല്ല, ഉടുത്തിരിക്കുന്ന വസ്ത്രങ്ങൾകൂടെ ഞാൻ എന്റെ പിതാവിനെ തിരിച്ചേൽപ്പിക്കുന്നു; അവയും അദ്ദേഹത്തിന്റേതാണ്."

അടുത്ത നിമിഷത്തിൽ, ആ യുവാവ് സർവ്വജനവും കാൺകെ തന്റെ വസ്ത്രങ്ങൾ എല്ലാം ഉരിഞ്ഞു പിതാവിന്റെ മുമ്പിൽ വച്ചു, നഗ്നനായി എഴുന്നേറ്റു നിന്നു.

പ്രേക്ഷകർ ഒന്നു ഞെട്ടിത്തെറിച്ചു. അവർക്കു പുത്തരിയാണത്. താദൃശമായ നിർമതം അവരാദ്യമായി കാണുകയാണ്.

ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം വസ്തുവകകളും കുലമഹിമയും മറ്റുമായുള്ള പരിപൂർണ്ണ വിച്ഛേദമാണതു പ്രകടമാക്കിയത്. നിസ്സംഗതയുടെ ഒരു പ്രതീകം. ദൈവവാഗ്ദാനത്തിൽ വിശ്വസിക്കുന്നവരെ ദൈവം കൈവെടിയുകയില്ലെന്ന് ഫ്രാൻസിസ് തരിമ്പും ശങ്കകൂടാതെ വിശ്വസിച്ചു.

പ്രേക്ഷകരെ അഭിവീക്ഷിച്ച് ആ യുവാവ് പറയുകയാണ്: "ഇവിടെ സന്നിഹിതരായിട്ടുള്ള ഏവരും കേട്ടു, മനസ്സിലാക്കട്ടെ. ഈ നിമിഷം വരെ ഞാൻ പീദ്രോബർണാഡണിനെ എന്റെ പിതാവെന്നു വിളിച്ചു പോന്നു. എന്നാൽ ഇപ്പോൾ മുതൽ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു മാത്രം സംബോധന ചെയ്യുന്നതിനേ ഞാൻ ആഗ്രഹിക്കുന്നുള്ളു." ശാന്തഗംഭീരവും ഭാവോജ്ജ്വലവുമായ ആ പദങ്ങൾ അനുവാചകരുടെ ഹൃദയത്തിലേക്ക് ആഞ്ഞിറങ്ങി. ശോകാത്മകത ദ്യോതിപ്പിക്കുന്ന ആ വിശാലനയനങ്ങൾ അവരെ ഹഠാദാകർഷിച്ചു.

അങ്ങനെ അസ്സീസ്സിയിലെ വർത്തകകുമാരൻ ദാരിദ്ര്യകുമാരിയെ കണ്ടെത്തി. ഇനി മുതലങ്ങോട്ട് ഒന്നുമില്ലായ്മയാണ്; കടുത്ത ദാരിദ്ര്യമാണ്. വസ്ത്രമില്ല, പണമില്ല, പിതാവില്ല. യാതൊന്നുമില്ല. ധനത്തിന്റെ സഹായംകൊണ്ടല്ല, ദാരിദ്ര്യത്തിലൂടെതന്നെ, ദൈവത്തെ സേവിക്കുകയാണ് തന്റെ കർത്തവ്യമെന്ന് ആ യുവാവു കണ്ടു. തനിക്ക് സ്വന്തമായി ഒന്നുംതന്നെയില്ലായ്കയാൽ താൻ ഇനിമേൽ സർവ്വസ്വതന്ത്രനാണ്. ബന്ധനവിമുക്തനായ തടവുകാരന്റെ ഒരനുഭവപ്രതീതി.

ശോകമൂകമായ ആ രംഗം പ്രേക്ഷകരുടെ കരളലിയിച്ചു. ആ പിതൃപുത്രസംഘട്ടനം അനേകരുടെ ഹൃദയങ്ങളിൽ കോളിളക്കങ്ങളുണ്ടാക്കി. മിക്കവരും, ബിഷപ്പു ഗിദ്ദോപോലും, കരഞ്ഞുപോയി.

ബർണാഡൻ മാത്രം അചഞ്ചലനായിരുന്നു. യാതൊരു വികാര ബാലിശത്വങ്ങളും പ്രത്യക്ഷപ്പെട്ടില്ല. വല്ല വ്യത്യാസവുമുണ്ടായെങ്കിൽ, അതു പൂർവ്വാധികം ഉഗ്രമായിരുന്നു. വിചാരണരംഗത്ത് ജനങ്ങളിൽ തനിക്കെതിരായ മനോഭാവം വളരുന്നത് സ്പർശിച്ചറിഞ്ഞ് പീദ്രോ കുപിതനായി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആത്മപരിതാപം പൈതൃക പരിതാപത്തേക്കാൾ ശക്തിയേറിയതായിരുന്നു. ഉരിഞ്ഞിട്ട വസ്ത്രങ്ങളും പണവും വാരിയെടുത്ത് ജനക്കൂട്ടത്തിനിടയിലൂടെ ആ പിതാവ് വാതിൽക്കലേക്കു നീങ്ങി.

സ്വപുത്രൻ നഷ്ടപ്പെട്ട, ഭാഗ്യഹീനനായ പിതാവ്. ആരും അദ്ദേഹത്തോടു സംസാരിച്ചില്ല; ആരും സഹാനുഭൂതി പ്രകടിപ്പിച്ചതുമില്ല. നമ്രശിരസ്കനായി അദ്ദേഹം സ്വഗൃഹം ലക്ഷ്യമാക്കി നടകൊണ്ടു. പാവപ്പെട്ട പീദ്രോ, ഗുഡ്ബൈ.

ഇതെല്ലാം രണ്ടുമൂന്നു നിമിഷങ്ങൾക്കുള്ളിൽ നടന്നു. ബിഷപ്പു ഗിദ്ദോ എഴുന്നേറ്റു, സ്വന്തം മേലങ്കികൊണ്ട് ഫ്രാൻസിസിന്റെ നഗ്നശരീരം ആച്ഛാദനം ചെയ്തു. പ്രതിരൂപാത്മകമായ മറ്റൊരു ക്രിയയായിരുന്നു അത്—കേവലം അബോധപൂർവ്വമായിരിക്കാം. നഗ്നനും പ്രവാചക തുല്യനുമായ ഫ്രാൻസിസിനെ, സഹാനുഭൂതിയോടെ അഭിനന്ദനപൂർവ്വം, എന്നാൽ, ഭയാശങ്കകളോടെ, അതിന്റെ പുരാതന വസ്ത്രം ചുറ്റി പുതപ്പിക്കുകയാണ്.

വിചാരണ അവസാനിച്ചു: പുളകം കൊള്ളുന്ന ഈ കഥ പ്രസിദ്ധം ചെയ്യുന്നതിനുവേണ്ടി ജനങ്ങൾ പുറത്തേക്കൊഴുകി, തിരക്കിട്ടു നടന്നു.

ഗിദ്ദോ ഫ്രാൻസിസിനെ അകത്തെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോഴേക്കും ആരോ ഒരു കർഷകത്തൊഴിലാളിയുടെ പഴയ വസ്ത്രം കൊണ്ടുകൊടുത്തു. ടൂണിക്കിന്റെ മേൽ ചോക്കുകൊണ്ട് ഒരു കുരിശിന്റെ പടം വരച്ച് അതു ധരിച്ച് ഫ്രാൻസിസ് ഇറങ്ങി നടന്നു. ആന്തരികമായ എന്തോ ജ്യോതിസ്സ് ആ യുവാവിനെ മുമ്പോട്ട്, സൂര്യപ്രകാശത്തിലേക്കു നടത്തി. ഒരു മഹത്തായ തീരുമാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. വലിയ ഒരു അടി മുമ്പോട്ടു വച്ചു കഴിഞ്ഞു. ഫ്രാൻസിസിന്റെ സ്വഭാവത്തിന്റെ

# സുവിശേഷപ്രവർത്തനം—സഭയുടെ അവഗണിക്കപ്പെട്ട ജീവിതധർമ്മം

## VI

### സുവിശേഷഘോഷണവ്രതമായ സമുദായം

"മിഷ്യൻ കോമ്പൗണ്ട്", മിഷ്യനറി സാഹിത്യത്തിൽ പ്രതിഷ്ഠനേടിക്കഴിഞ്ഞിട്ടുണ്ട്. അതെല്ലപ്പം കെട്ടിയടച്ച ഒരു സമുദായമായി—ഒരു പുതിയ പതിത സ്ഥിതിയിൽ അന്തർവ്യാവർത്തിത സഭയായി—അധഃപതിക്കുമെന്നുള്ള വിമർശം ഇന്നു കൂടെക്കൂടെ കേൾക്കാം എന്നിരിക്കിലും ദൈവരാജ്യത്തിന്റെ ഒരു ചെറിയ അറ (സെല്ല്) സാമൂഹിക രൂപത്തിൽ, സുവിശേഷം അവശ്യമായ ഒരു പ്രദേശത്ത് നട്ടുപിടിപ്പിക്കുന്നതിന്റെ മൂല്യത്തിനു് യാതൊരു വിധത്തിലും അപകർഷം കല്പിക്കുന്നില്ല—പ്രാരംഭകാലത്തെ സന്യാസവ്രതങ്ങൾ ഒരു മിഷ്യനറി പ്രവർത്തനോപാധിയായിരുന്നെന്നതിൽ സംശയമില്ലല്ലോ. മിഷ്യനറി പ്രവർത്തനരംഗങ്ങളെന്ന നിലയിൽ സ്വദേശവും വിദേശരംഗങ്ങളും തമ്മിലുള്ള അന്തരം അപ്രത്യക്ഷമായതോടേ, സ്വദേശത്തായാലും വിദേശത്തായാലും ഓരോ ഇടവകയ്ക്കും ഓരോ മിഷ്യൻ കോമ്പൗണ്ടായിത്തീരാം. മുന്നോടി പ്രവർത്തകർ ആവശ്യമാണ്, അങ്ങനെയുള്ളവർ പ്രത്യക്ഷപ്പെടുന്നുമുണ്ട്. ഫ്രാൻസിൽ റോമൻകത്തോലിക്ക പുരോഹിതന്മാർ തൊഴിലാളികളുടെ നിലയിൽ അനുഷ്ഠിക്കുന്ന സേവനങ്ങൾ അടുത്തയിടെ വെളിച്ചത്തു വന്നിട്ടുണ്ട്. പ്രോട്ടസ്റ്റന്റുകാരുടെയിടയിലും സുവിശേഷഘോഷണവ്രതമായ സമൂഹങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ന്യൂയോർക്കിലെ ഒരു ദാരിദ്ര്യബാധിതപ്രദേശത്ത് വിവിധ സഭാവിഭാഗങ്ങൾ ചേർന്ന് ആരംഭിച്ചിട്ടുള്ള ഒരു മിഷ്യനറി ഇടവക, ജേഴ്സി നഗരത്തിൽ തീരെമോശമായ ഒരു പ്രദേശത്തു താമസിച്ചു പ്രവർത്തിക്കുന്ന ഒരു വൈദികസമൂഹം എന്നിവ അമേരിക്കയിൽ നിന്നു രണ്ടു് ദൃഷ്ടാന്തങ്ങളാണ്. ഈ ദൃശമായ മുന്നോടിപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരണാർഹങ്ങളാണ്. ഇവയിലൊരു മിഷ്യൻ കോമ്പൗണ്ടിലെജീവിതത്തിൽ പങ്കെടുത്ത ഒരാൾ പറയുന്നു." കാര്യക്ഷമമായ സുവിശേഷഘോഷണം, ഒരു ക്രിസ്തീയ കൂട്ടായ്മയിൽജീവിക്കുക എന്നതാണ്. ആ ക്രിസ്തീയസമൂഹമാണ്, അതിനു ചുററുമുള്ള വ്യക്തികളിലും സമൂഹത്തിന്മേലും സുവിശേഷഘോഷണപരമായ ആഘാതം ഏല്പിക്കുന്നത്.""

### പെരുവഴിയിലെ സുവിശേഷക്കൂട്ടകവർച്ചയത്നങ്ങൾ

ഈ ശീർഷകം കണ്ടു് ആരും ഞെട്ടേണ്ടതില്ല. അഭിനവവും സുധീരങ്ങളുമായ സുവിശേഷഘോഷണശ്രമങ്ങളെ പരാമർശിക്കുകയാണിവിടെ ആവശ്യം. ഫ്രാൻസിൽ ചില സമൂഹങ്ങൾ നാടകങ്ങൾ, സിനിമ എന്നിവയിലൂടെ ചില പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. ഭൗതികമായ ദൈവരഹിത പ്രസ്ഥാനങ്ങളിൽ നിന്ന്, അവയുടെ പ്രചാരണോപകരണങ്ങൾ മോഷ്ടിച്ചെടുത്തിട്ടെന്നവണ്ണം, ക്രിസ്തുവിനുവേണ്ടി ഉപയോഗിക്കുകയാണവർ. ഒരു കൊട്ടകയോ ഹാളോ വാടകയ്ക്കെടുത്തു് ക്ഷണക്കത്തുകൾ അയച്ച് നാടകം അഭിനയിക്കുകയോ സിനിമാ പ്രദർശിപ്പിക്കുകയോ ചെയ്യുന്നു. പ്രവേശനം സൗജന്യമായിരിക്കും. പ്രദർശനത്തെത്തുടർന്ന് ചർച്ചകൾ ആരംഭിക്കുകയായി. ആഴമേറിയ പ്രശ്നങ്ങൾ, പ്രത്യേകിച്ച് മതസംബന്ധമായവ, ചർച്ചയ്ക്കു വിഷയമാവും. ഈ പ്രസ്ഥാനം പ്രചരിച്ചുവരുന്നു. "ക്ഷമാപൂർവം അവധാനതയോടെ അക്രൈസ്തവരുടെ മാനസികപുനർവിദ്യാഭ്യാസവും അവർക്കിടയിൽ സുവിശേഷഘോഷണവും നിർവഹിക്കുകയാണ്" ഈ പരിപാടിയുടെ സുധീരമായ ലക്ഷ്യം.

ഈ യുഗത്തിലെ സാങ്കേതികോപകരണങ്ങളുടെ സുവിശേഷഘോഷണയോഗ്യത കണ്ടുപിടിക്കുന്നതിനുള്ള ഒരു ശ്രമംമാത്രമാണ് മുകളിലുദ്ധരിച്ചത്. റേഡിയോയും ടെലിവിഷനും മുഖേനയും മററും നടക്കുന്ന സുവിശേഷ പ്രചാരണത്തെപ്പററി റിപ്പോർട്ടുകൾ ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്.

### പകുതിവഴികളായ ക്രിസ്ത്യാനികൾ

സഭയുടെ സുവിശേഷപ്രചരണ സമ്പ്രദായങ്ങളെപ്പററി മുന്നോടി പ്രവർത്തകർ പുനരാലോചിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പരീക്ഷണങ്ങളിൽ ഒരു മാർഗ്ഗം കൂടി ചൂണ്ടിക്കാണിക്കാൻമാത്രമേ സ്ഥലം അനുവദിക്കുന്നുള്ളു. ക്രിസ്ത്യാനികളായി കഴിഞ്ഞിട്ടില്ലാത്ത ഒരു സംഘം അന്വേഷകർ മതചർച്ചകൾക്കുവേണ്ടി ഒരു വീട്ടിൽ ഒരുമിച്ചു കൂടുന്നുവെന്നു വിചാരിക്കുക. ഈ സംഘത്തെ "പകുതിവഴി ക്രിസ്ത്യാനികൾ" എന്നു വിളിക്കാം. തങ്ങളുടെ തൊഴിലുകൾ ആവശ്യപ്പെടുന്ന ധാർമ്മികമാനദണ്ഡങ്ങളെപ്പററി ആലോചിക്കാൻ കൂടുന്ന ഡോക്ടർമാരുടെ സംഘവും വക്കീലന്മാരുടെ സംഘവും—സംഘങ്ങളിൽ ക്രിസ്ത്യാനികൾക്കും അല്ലാത്തവർക്കും ചേരാം—മററുദാഹരണങ്ങളാണ്. സ്വാതന്ത്ര്യവും പരസ്പരമുള്ള ആദരവും അലയടിക്കുന്ന ഒരു അന്തരീക്ഷത്തിൽ, അവരവരുടെ സംശയങ്ങളും വിശ്വാസങ്ങളും പരസ്പരം തുറന്നു കാണിക്കുന്നതിനു് ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും അവസരം നൽകുന്ന സ്ഥാപനങ്ങളും സമൂഹങ്ങളും ഇന്നൊരു അവശ്യകതയായിത്തീർന്നിട്ടുണ്ട്. ഒരു അക്രൈസ്തവൻ വെളിപ്പാടിന്റെ നിയന്ത്രണത്തിനു സ്വയം വിധേയനാകുന്നതിനുമുമ്പ്, അയാളുടെ ആത്മാർത്ഥമായ സംശയങ്ങളും അയാളുടെ പ്രശ്നങ്ങളുടെ ആത്മാർത്ഥതയും ആദരിക്കാൻ സഭ സന്നദ്ധമാകണം. പുതുതായി മാനസാന്തരപ്പെട്ടവർക്കും, മാനസാന്തരത്തിനൊരുങ്ങുന്നവർക്കും, "പകുതി വഴിസ

---

എല്ലാവശങ്ങളും അവിടെ ഒന്നായിച്ചേർന്നു ഘനീഭവിച്ചു പുതുതായ ഒരു സാഹസികയത്നത്തിനു് ഒരുങ്ങാൻ അതു് അവേശം നൽകി.

എന്തൊരു വീരസാഹസികയാത്രയായിരിക്കുമതു്! ദൈവത്തിൽ പരിപൂർണ്ണമായി വിശ്വാസമർപ്പിക്കുന്ന സാഹസകൃത്യം.

നഗരത്തിനു വെളിയിലെത്തിയപ്പോൾ, ആനന്ദം ഓളം വെട്ടുന്ന ആ യുവഹൃദയത്തിൽനിന്നു് ഒരു ഗാനനിർഝരി പ്രവഹിക്കാൻ തുടങ്ങി. സമസ്ത പ്രപഞ്ചത്തെയും സുഖസുഷുപ്തിയിൽ ലയിപ്പിക്കത്തക്ക ഗാനസുധ. അനർഗ്ഗളം ഒഴുകുകയാണ്.

സ്വാതന്ത്ര്യം! എത്രമാത്രം ശക്തമായ ഓങ്കാര പ്രണവമാണതു്! പരിപൂർണ്ണ സ്വാതന്ത്ര്യം. യാതൊന്നിനോടും കടപ്പാടില്ല. യാതൊന്നുമായും ബന്ധിക്കപ്പെട്ടിട്ടില്ല. സർവ്വസംഗ പരിത്യാഗിയായ യുവാവ്—ദൈവസ്നേഹം പകരുന്നതിനുള്ള ഒരു പാത്രം മാത്രം.

വീടും ബന്ധുമിത്രാദികളും വസ്തുവകകളുമുപേക്ഷിച്ചിറങ്ങിയ യുവാവിന്റെ ഗാനതല്ലജങ്ങൾ പെരുവഴിയിലെ മണൽത്തരികളെപ്പോലും കോൾമയിർക്കൊള്ളിച്ചു.

# ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

## പൈലററ് മിഷ്യനറി

രണ്ടാംലോകമഹായുദ്ധകാലത്തു് ഒരു പൈലററായിരുന്ന റെവ. മാർട്ടൻ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ബോർണിയോയിലെ വനാന്തരങ്ങളിൽ സഞ്ചരിച്ചു 30000 ബോർണിയോ സ്വദേശികൾക്കു ക്രിസ്തുവിൻെറ സുവിശേഷം എത്തിച്ചുകൊടുത്തിരിക്കുന്നു. മൃഗഭൂതാദികളെ ആരാധിച്ചുവന്ന നാട്ടുകാർ ക്രമേണ ക്രിസ്തുമതം സ്വീകരിച്ചു കൊണ്ടിരിക്കുന്നുവെന്നും പള്ളികൾനിർമ്മിച്ചു കൊണ്ടിരിക്കുന്നുവെന്നും റെവ. മോർട്ടൻ പ്രസ്താവിച്ചിരിക്കുന്നു.

## സൺഡേസ്ക്കൂൾദിനം

1954 നവംബർ 7—ാംതീയതി അഖിലലോകസൺഡേസ്ക്കൂൾ ദിനമായി ആഘോഷിക്കുന്നതാണു്. ഈ സുദിനം സൺഡേസ്കൂളുകൾ പ്രാർത്ഥനയുടെയും, നന്ദിപ്രദർശനത്തിൻെറയും അവസരമായി ഉപയോഗപ്പെടുത്തുന്നതായിരിക്കും.

## മാർട്ടിൻ ലൂഥർ

പ്രോട്ടസ്റ്റൻറു നവീകരണത്തിൻെറ നേതാവായിരുന്ന മാർട്ടിൻലൂഥരുടെ ജീവചരിത്രം ആസ്പദമാക്കി 'ടെൻറ യത്ത് സെഞ്ചുറി ഫോക്സ്' നിർമ്മിച്ച മാർട്ടിൻ ലൂഥർ ലോകമൊട്ടുക്കു പ്രദർശിപ്പിക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇതിനകം അമേരിക്കൻ ഐക്യനാട്ടുകളിലും, കാനഡായിലും കൂടി ഒരുകോടിയിലധികം ജനങ്ങൾ ഈ ചിത്രം കണ്ടു കഴിഞ്ഞിരിക്കുന്നു.

## സോവ്യററ് യുവജനപത്രം മതവിരുദ്ധപ്രചാരണത്തിൽ ചേരുന്നു.

സോവ്യററു് യുവജനസംഘടനയുടെ മുഖപത്രമായ 'കോംസോ മോൾസ്കായാ പ്രവദ'യുടെ ഇയ്യിടെ ഇറങ്ങിയ ഒരു ലക്കത്തിൽ മതവിരുദ്ധപ്രവർത്തനങ്ങൾ വർദ്ധിപ്പിച്ചു് മതപരമായ അവധിദിവസങ്ങൾ ഇല്ലാതാക്കാൻ അധികൃതന്മാരോടപേക്ഷിച്ചു കാണുന്നു. മതപരമായ ഒഴിവുദിവസങ്ങൾ കാരണം വേലസമയം കുറഞ്ഞുപോകുന്നു എന്നാണു് പരാതി. അടുത്തസമയം പ്രവദാ തുടങ്ങിയതും മോസ്കോവിലെ 'ലിറററി ഗസററ്' പത്രം കൂട്ടുചേർന്നുമായ മതവിരുദ്ധപ്രചരണത്തിൽ മേൽ പറഞ്ഞ യുവജനപത്രികയും ചേർന്നിരിക്കുന്നു. മതപരമായ വിശേഷദിവസങ്ങൾകൊണ്ടാടാൻ വയലുകൾ വിട്ടുപോകുന്നകൃഷിത്തൊഴിലാളികളെ പ്രസ്തുത പത്രം കളിയാക്കുകയും, മതവിരുദ്ധപ്രചരണത്തിനു ശക്തി കൂട്ടുവാൻ കായികവിനോദമൽസരങ്ങളും കോൺഫറൻസുകളും നടത്തുവാൻ സ്ഥലം അധികാരികളെ നിർബന്ധിക്കയും ചെയ്യുന്നു.

## ഓർത്തഡോക്സ് ഹെറാൾഡ്

സിങ്കപ്പൂർ ഓർത്തഡോക്സ് ഇടവകയിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന ഓർത്തഡോക്സ് ഹെറാൾഡ് എന്ന ഇംഗ്ലീഷ് മാസിക കൈപ്പററിയിരിക്കുന്നു. ഇടവകകാര്യങ്ങളും മററും ഉൾക്കൊള്ളുന്ന ഈ പ്രസിദ്ധീകരണം സിംഗപ്പൂർ പോലെയുള്ള ഒരു ഇടവകയിൽ അനിവാര്യമാണു്. റെവ. ഫാദർ ജാക്സൻെറ ലേഖനങ്ങൾ ഹെറാൾഡിനു ഒരു ഭൂഷണം തന്നെയാണു്.

## നോഹയുടെപെട്ടകം

നോഹയുടെപെട്ടകംകണ്ടുപിടിക്കുന്നതിനായി ഒരമേരിക്കനും ഒരു തുർക്കിപ്പട്ടാളഉദ്യോഗസ്ഥനും 17160 അടിഉയരമുള്ള അറാറാത്തുമലകയറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു നോഹയുടെ പെട്ടകം പോലെയുള്ള ഒരു വസ്തു അറാറാത്തുമലയുടെ ചരിവിൽ കണ്ടതായി ഒരു പൈലററു് റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

## പ്രസിഡണ്ടിൻെറ പ്രശംസ

വി: തോമസ് അപ്പോസ്തലനാൽ ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവ സഭ ഇന്നും തഴച്ചുവളർന്നു കൊണ്ടിരിക്കുന്നുവെന്നും എല്ലാവർക്കും അവരുടെ മതംഅനുഷ്ഠിക്കുന്നതിനുതന്നെയല്ല പ്രചരിപ്പിക്കുന്നതിനും ഇൻഡ്യയിൽ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നും മൈസൂറിലെ സെൻറു് ഫിലോമിനാസ് ദേവാലയഹാളിൽ കൂടിയ കത്തോലിക്കരുടെ ഒരു യോഗത്തിൽ വച്ചു ഇൻഡ്യൻപ്രസിഡണ്ടു് ഡോ. രാജേന്ദ്രപ്രസാദു് പ്രസ്താവിച്ചിരിക്കുന്നു.

"അദ്ദേഹം ഇപ്രകാരം തുടർന്നു. മററുള്ളവർക്കു തെററിദ്ധാരണയും സംശയവും ജനിക്കത്തക്ക പ്രവർത്തനങ്ങളിൽനിന്നും മിഷ്യനറിമാർ വിരമിക്കേണ്ടതാണു്. ഇൻഡ്യൻഭരണഘടനയിൽ പരിപൂർണ്ണ മത സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്.

സെൻറു് തോമസ് സ്ഥാപിച്ച സഭ ഇന്നും അഭിവൃദ്ധ്യുന്മുഖമായി നിലകൊള്ളുന്നു. അന്യമതങ്ങളെ സ്വാഗതം ചെയ്യുക എന്നതു് ഇന്ത്യയുടെ പാരമ്പര്യമാണു്. ..00 വർഷം മുമ്പു ഇൻഡ്യയിൽവന്നപാർസികളുടെ കാര്യം അദ്ദേഹം അനുസ്മരിച്ചു. അവരിന്നു ഇന്ത്യയിലെ ഏററവും പ്രബുദ്ധരും സമ്പൽസമൃദ്ധയുള്ളവരുമായ ജനതയാണു്. അതുകഴിഞ്ഞു മുസ്ളീംകൾ വന്നു. അവരിൽ ചിലർ അക്രമികളും മററു ചിലർ ദൈവത്തിൻെറ സന്ദേശവാഹകരും ആയിരുന്നു. ജീവിക്കുക ജീവിക്കുവാൻ അനുവദിക്കുക എന്നതു സഹസ്രാബ്ദങ്ങളായി ഇന്ത്യ പുലർത്തിപ്പോരുന്നപാരമ്പര്യമാണു്.

മററുള്ള എല്ലാവരെയുംപോലെതന്നെ ക്രിസ്ത്യാനികളും ഭാരതീയരാണു്. ഭരണഘടന നിർമ്മിച്ചപ്പോൾ പ്രത്യേക സംരക്ഷണങ്ങൾക്കായി ക്രിസ്ത്യാനികൾ വാദിക്കാതിരുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ഇൻഡ്യൻ വിരുദ്ധ പ്രവർത്തനങ്ങളിൽ വിദേശമിഷ്യനറിമാർ വ്യാപൃതരാകാത്തിടത്തോളം കാലം അവർക്കു യാതൊന്നും ഭയപ്പെടാനില്ലെന്നു ശ്രീമതി രാജകുമാരി അമൃതകൗർ ഈയിടെ പ്രസ്താവിച്ചതും സ്മരണീയമാണു്.

പ്രസിഡണ്ടിൻെറയും ശ്രീമതി രാജകുമാരി അമൃതകൗറിൻെറയും പ്രസ്താവനകൾ മിഷനറി പ്രവർത്തന പന്ഥാവിലെ വൈദ്യുത ദീപങ്ങളാണു്.

---

ഭക്താൾ കാമ്യമായ ഒരു അനുഭവമായിരിക്കും. സഭയുടെ തക്സാകളിൽ പൂർണ്ണമായി പങ്കെടുക്കുന്നതിനു് മുമ്പുള്ള ഒരു തയാറെടുപ്പു് അവിടെ ലഭിക്കുമായിരിക്കണം. മാത്രമല്ല, ലോകസാധാരണമായ ഒരിടവകക്കൂട്ടത്തിലേക്കു പ്രവേശിച്ചതിനുശേഷമുണ്ടാകാവുന്ന നിരാശതയ്ക്കു് ഒരു തയാറെടുപ്പുമാവും. തൊഴിൽപരസമൂഹങ്ങളുടെ അഥവാ വർഗ്ഗസമൂഹങ്ങളുടെ വളർച്ചയ്ക്കു് സഹായകമാകത്തക്കവണ്ണം അയവുവരുത്തുന്നതിലേക്കു് സഭ അതിൻെറ ഇടവകകളുടെ ഘടനയെപ്പററി മുഴുവനായി പുനരാലോചിക്കണമെന്നു വാദിക്കുന്നവരുമുണ്ടു്. ഭൂമിശാസ്ത്രപരമായ ഇടവകകളുടെ സ്ഥാനത്തു് കൂടുതലായി തൊഴിൽപരമായ അയൽവക്കങ്ങൾ രൂപം കൊള്ളുന്ന ഒരു കാലഘട്ടമാണിതു്.

ദൈവത്തിൻെറ രക്ഷണ്യകൃത്യത്തിൽ ഉപാധിയെന്ന നിലയിലുള്ള സമൂഹത്തിൻെറ പ്രവർത്തനോപാധിയെന്ന നിലയിലുള്ള സമുൽകൃഷ്ടധർമ്മം പുതുതായി കണ്ടുപിടിക്കുന്ന ശ്രമത്തിൽ, തലമുറകളായി നാം കാത്തിരുന്നതിനേക്കാൾ വളരെയേറെ കാത്തിരുന്നു് "ആത്മാവു് സഭകളോടു് പറയുന്നതു" ശ്രവിക്കുവാൻ ക്രിസ്ത്യൻ എക്യുമെനിക്കൽ സമൂഹം വഴിക്കപ്പെട്ടിരിക്കുന്നു.

## വാരപഞ്ചാംഗം

| | ആഗസ്റ്റ് | ചിങ്ങം |
|---|---|---|
| ഞായർ | 22 | 6 |
| തിങ്കൾ | 23 | 7 |
| ചൊവ്വാ | 24 | 8 |
| ബുധൻ | 25 | 9 |
| വ്യാഴം | 26 | 10 |
| വെള്ളി | 27 | 11 |
| ശനി | 28 | 12 |

### Thought for the Week

Some times it is possible to change the apparent good by setting beside it some presentation of the real good· There are many who habitually gain control of evil desires by turning their attention to the Figure of Christ, in contrast with which the object of the evil desire appears no longer good but abhorrent·

THE CHURCH WEEKLY

## ഇവാൻസ്റ്റൺസമ്മേളനം

### III

17 കോടി ക്രിസ്ത്യാനികളുൾപ്പെട്ട 161 സഭകളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു് 1500 നേതാക്കന്മാരാണു് 48 വിവിധരാജ്യങ്ങളിൽനിന്നു് ഇവാൻസ്റ്റണിൽ എത്തിച്ചേർന്നിരിക്കുന്നതു്. അമേരിക്കൻ യുണൈറ്റഡ് സ്റ്റേറ്റ്സിൽവച്ചു് ഈ തലമുറയിൽ ഇനിയും അഖിലലോക സഭാകൗൺസിലിന്റെ അസംബ്ലിസമ്മേളനം നടക്കാനിടയില്ല. നോർത്ത് വെസ്റ്റേൺ സർവകലാശാലാ കെട്ടിടങ്ങളാണു് സമ്മേളനരംഗമായി തെരഞ്ഞെടുത്തിരിക്കുന്നതു്. ഈ സമ്മേളനത്തോടനുബന്ധിച്ചു രാജ്യാന്തരപ്രാധാന്യമുള്ള പല ലോകമഹാസംഘടനകളുടേയുംസമ്മേളനങ്ങൾ നടക്കുന്നുണ്ടു്. ഓഗസ്റ്റ് 2മുതൽ 13വരെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സമ്മേളനം ചിക്കാഗോ സംസ്ഥാനത്തുള്ള പല സെമിനാരികളിലായി നടന്നു കഴിഞ്ഞു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു് യൂറോപ്പ്, ഏഷ്യാ, അഫ്രിക്കാ എന്നീ ഭൂഖണ്ഡങ്ങളിലുള്ള ക്രൈസ്തവസഭകളെ പ്രതിനിധീകരിച്ചു ഏകദേശം 1500 പുരോഹിതന്മാർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. യുണൈറ്റഡ് ക്രിസ്ത്യൻ വിദ്യാർത്ഥികൗൺസിൽ (ഓഗസ്റ്റ് 15 മുതൽ 22 വരെ) അഖിലലോകക്രിസ്ത്യൻ വിദ്യാർത്ഥിഫെഡറേഷൻ, (ഓഗസ്റ്റ് 2[illegible]-30) മുതലായവയും ഇവാൻസ്റ്റണിൽവച്ചു സമ്മേളിക്കുന്നു. അസംബ്ലിസമ്മേളനത്തിലെ ഏറ്റവും ജനബാഹുല്യമുള്ള ഒരു അഘോഷം ഓഗസ്റ്റ് 15—ാംതീയതി അസംബ്ലി ആരംഭിച്ചദിവസം ചിക്കാഗോയിലെ വിസ്താരമായ സൈനികമൈതാനത്തു് വച്ചുനടന്ന വമ്പിച്ച "വിശ്വാസത്തിന്റെ ഉൽസവമാ"യിരുന്നു (Festival of Faith) അടുത്തുള്ള അമേരിക്കൻ സംസ്ഥാനങ്ങളിൽനിന്നു അനേകായിരം ക്രിസ്ത്യാനികളാണു് ഇവിടെ തടിച്ചുകൂടിയതു്. ചിക്കാഗോയിലെ സഭകളുടെ ആഭിമുഖ്യത്തിലാണു് ഈ ഉൽസവം സംഘടിപ്പിച്ചതു്. ആയിരം ലോകസഭാകൗൺസിൽ പ്രതിനിധികൾ അവരവരുടെ രാജ്യത്തെ വസ്ത്രധാരണരീതിയിൽ അലംകൃതരായും, വിവിധസഭാപുരോഹിതന്മാർ അവരവരുടെ സ്ഥാനവസ്ത്രങ്ങൾ ധരിച്ചും ഒരു വമ്പിച്ച പ്രദിക്ഷണത്തിൽ പങ്കുകൊണ്ടു. മനുഷ്യാത്മാവിന്റെ ദൈവത്തോടുള്ള ബന്ധത്തെ വിശദീകരിക്കുന്ന സംഗീതകോലാഹലങ്ങളിൽ 3000 സംഗീതവിദഗ്ദ്ധന്മാർ പങ്കെടുത്തു. ഇതുസംബന്ധിച്ചു 33000 ടിക്കറ്റുകൾ വില്പനക്കു വച്ചിരുന്നതിൽ 26000 ജൂൺമാസംകൊണ്ടു് വിറ്റുകഴിഞ്ഞതായി ഒരു പത്രത്തിൽകണ്ടു. എല്ലാ പ്രതിനിധികളും സംബന്ധിക്കുന്ന ഒരു പ്രാർത്ഥനാ ശുശ്രൂഷസമ്മേളനം ആരംഭിച്ചദിവസം ഇവാൻസ്റ്റണിലെ ഗംഭീരമായ മെതഡിസ്റ്റ് പള്ളിയിൽവച്ചുനടന്നു, സമ്മേളനദിവസങ്ങളിലെല്ലാം രാവിലെയും വൈകുന്നേരവും ആരാധനകൾ ഉണ്ടു്. എല്ലാസഭകളുടെയും ആരാധനാരീതികളുടെ വൈവിധ്യം മനസ്സിലാക്കത്തക്കവിധം പലദിവസം പല സഭകളുടെ ആരാധനക്രമങ്ങൾ ആണു് വിനിയോഗിച്ചതു്. രണ്ടുവിധത്തിലുള്ള ചുമതലകളാണു് അസംബ്ലിയുടെ ദ്വിതീയസമ്മേളനം നിർവഹിക്കുന്നതു്. ആദ്യത്തേതു നിയമനിർമ്മാണപരമാണു്. ഔദ്യോഗികമായി ലോകസഭാകൗൺസിലിന്റെ ഗവർണിംഗ്സംഘം അറുനൂറു അംഗങ്ങളുള്ള അതിന്റെ അസംബ്ലിയാണു്. ആറു കൊല്ലങ്ങൾമുൻപു് ലോകകൗൺസിൽ ഔപചാരികമായി സ്ഥാപിച്ചുകഴിഞ്ഞശേഷം ഇപ്പോൾ ആദ്യമായി 600 വോട്ടധികാരമുള്ള പ്രതിനിധികൾ കൂടുകയാണു്. അവരുടെ സമ്മേളനത്തിൽ ഇതുവരെ സാധിച്ചനേട്ടങ്ങൾ, ഭാവിപരിപാടികൾ, ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുക, കൗൺസിലിന്റെ നയം, ബഡ്ജറ്റ് ആദിയായകാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിക്കണം. ഇപ്പോൾ ആറു പ്രസിഡണ്ടന്മാരുള്ളതു് ഒന്നായി കുറയ്ക്കണമോ എന്നും തീരുമാനിക്കുന്നതാണു്. അസംബ്ലിസമ്മേളനം നിർവഹിക്കുന്ന മറ്റൊരു സംഗതി വിവിധരാജ്യങ്ങളിൽനിന്നു് വിവിധസഭകളുടെ പ്രതിനിധികൾ പരസ്പരം അഭിപ്രായ വിനിമയം നടത്തുവാനും, അനുഭവങ്ങൾ കൈമാറ്റം ചെയ്യുവാനും, ഏകാഭിപ്രായത്തിൽ എത്തിച്ചേരേണ്ട സംഗതികളെപ്പറ്റി ആലോചിക്കുവാനുമുള്ള ഒരു സന്ദർഭംനൽകുകയാണു് "ക്രിസ്തീയമായ പ്രത്യാശ"എന്നുള്ളതാണു് സമ്മേളനത്തിന്റെപൊതുചർച്ചാവിഷയം. സഭയുടെ രൂപത്തെപ്പറ്റിയുള്ള ധാരണ, സഭയ്ക്കു ലോകരാഷ്ട്രങ്ങളോടുള്ള ബന്ധത്തെപ്പറ്റിയുള്ള ആശയം ആദിയായ വിഷയങ്ങളും ചർച്ചചെയ്യപ്പെടും. പ്രതിനിധികളുടെ സംവാദങ്ങളെക്കാൾ സഭകൾ തമ്മിലുള്ള സംഭാഷണം എന്നനിലയിലാണു് ഈവാൻസ്റ്റൺ പ്രാധാന്യമർഹിക്കുന്നതു്. ബിഷപ്പ് ന്യൂബിഗിൻ (ഇൻഡ്യാ) പ്രൊഫസർ എഡ്മണ്ട് സ്ക്ലിങ്ക് (ജർമ്മനി) പ്രൊഫസർ റോബർട്ട് കാൽഹൂൺ എന്നിവരാണു് പൊതുവിഷയം അവതരിപ്പിച്ചു് പ്രസംഗിച്ചതു്. യേശുക്രിസ്തുവിൽ വിവിധസഭകൾ തമ്മിലുള്ള ഐക്യാംശങ്ങൾ ഏവയാണെന്നും, സഭകളായി വേർതിരിക്കുന്ന ഭിന്നതകൾ എന്താണെന്നും ലുണ്ട് (1952) സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടു. അവയും ഇവാൻസ്റ്റണിൽ പര്യാലോചിക്കപ്പെടും. സഭ, സഭയ്ക്കു് വെളിയിലുള്ളവരോടു നിർവഹിക്കേണ്ട കർത്തവ്യങ്ങൾ, "അഖിലലോകവീക്ഷണത്തിൽ ഉത്തരവാദിത്വമുള്ള സമൂഹം" രാജ്യാന്തരകാര്യങ്ങളിൽ യു. എൻ. പശ്ചിമപൂർവദേശങ്ങളുടെ മത്സരം മുതലായവയിൽ ക്രിസ്ത്യാനികളുടെ ഉൽക്കണ്ഠ ആദിയായ വിഷയങ്ങളും ചർച്ചചെയ്യപ്പെടും. ലോകോത്തരമായ ഒരു ഐക്യപ്രസ്ഥാനത്തിൽ വിപുലമായ ഉത്തരവാദിത്വങ്ങൾ കൈകാര്യംചെയ്തുകൊണ്ടിരിക്കുന്ന ഈവാൻസ്റ്റൺ സമ്മേളനത്തിന്റെ പ്രാധാന്യവും ഏകദേശമായ രൂപവും നൽകാനുള്ള ശ്രമമാണു് ഈ മുഖലേഖനങ്ങളിൽ നടന്നതു്. പ്രാർത്ഥനാപൂർവം ഈ സംഘടനയിൽ താല്പര്യം പ്രദർശിപ്പിക്കുന്നതിനുള്ള ബാദ്ധ്യതയാണു് നാം ഏവരേയും അഭിമുഖീകരിക്കുന്നതെന്നു് അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# ഏതു ശബ്ദമാണ് നാം ശ്രദ്ധിക്കേണ്ടതു്?

എം. ററി.

“അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്വപ്പെടുത്തുകയും ചെയ്യും” എന്നൊരു ശബ്ദം കേൾക്കപ്പെട്ടു. അവിടെ നിന്നിരുന്നവർ അതു കേട്ടിട്ട് ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. മറ്റു ചിലർ ഒരു മാലാഖാ അവനോടു സംസാരിച്ചു എന്നും പറഞ്ഞു;

(യോഹ. 12. 28, 29.)

യഹോവാ വന്ന് അടുത്തുനിന്ന് മുമ്പിലത്തേപ്പോലെ “ശമുവേലേ, ശമുവേലേ” എന്നു വിളിച്ചു. ശമുവേൽ കർത്താവേ കല്പിക്കേണമേ, നിൻെറ ദാസൻ കേൾക്കുന്നു.” എന്നു പറഞ്ഞു.

(1 ശമുവേൽ 3. 10)

ബാലനായ ശമുവേലിനുണ്ടായ ദർശനത്തെക്കുറിച്ചു വിവരിച്ചിട്ടുള്ള വേദഭാഗം നമുക്കു സുപരിചിതമാണ്. ദൈവവചനം അപൂർവവും ദർശനങ്ങൾ അസാധാരണവുമായിരുന്ന ഒരു കാലത്താണ് ആ സംഭവം നടന്നതു്. ഇപ്പോൾ നാം ജീവിക്കുന്ന കാലവും ഏതാണ്ടിതുപോലെ ഉള്ളതാണ്. ദൈവത്തിൻെറ പ്രവർത്തനങ്ങളെ പ്രത്യേകമായി വെളിപ്പെടുത്തുന്ന യാതൊന്നും തന്നെ സംഭവിക്കുന്നതായി നമുക്കു തോന്നുന്നില്ല. ബാലനായ ശമുവേലിൻെറ ജീവിതവും സാധാരണഗതിയിലുള്ളഒന്നായിരുന്നു. അതിനിടയിൽ ഒരു രാത്രിയിൽ ആ ബാലൻ ദൈവത്തിൻെറ ശബ്ദം കേട്ടു. ആ ശബ്ദം ശമുവേലിൻെറ ജീവിതത്തിലും അവൻ ഉൾപ്പെട്ടിരുന്ന സമുദായത്തിൻെറ ചരിത്രത്തിലും ചില സാരമായ വ്യതിയാനങ്ങൾ വരുത്തി.

നമ്മുടെ കർത്താവും സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവു, പിതാവിൻെറ തിരുനാമം മഹത്വപ്പെടുത്തേണമേ എന്നുപ്രാർത്ഥിക്കയായിരുന്നു. അപ്പോൾ “ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തുകയും ചെയ്യും” എന്നൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു കേൾക്കപ്പെട്ടു. ജനക്കൂട്ടം അതു ഇടിമുഴക്കമാണെന്നും ഒരു മാലാഖാ സംസാരിച്ചതാണെന്നും പറയുകയുണ്ടായെങ്കിലും നമ്മുടെ കർത്താവിൻെറമനസ്സിൽ യാതൊരു സംശയവുമുണ്ടായിരുന്നില്ല. പിതാവു തന്നോടു സംസാരിക്കയായിരുന്നെന്നും ഈ ലോകത്തിൻെറ പ്രഭു പുറത്തു തള്ളപ്പെടുകയും താൻ ഉയർത്തപ്പെടുമ്പോൾ എല്ലാമനുഷ്യരും തന്നിലേക്കാകർഷിക്കപ്പെടുകയും ചെയ്യുമെന്നും താൻ അറിഞ്ഞു.

പരസ്പരവിരുദ്ധങ്ങളായ പലപല ശബ്ദങ്ങളാണ് ഇന്നു നമ്മുടെ കർണ്ണപുടങ്ങളിൽ പതിക്കുന്നതു്. ഇവയിൽ ഏതാണ് നാം വിശ്വസിക്കേണ്ടതെന്നു നിശ്ചയിക്കുവാൻപ്രയാസമാണ്. ദൈവത്തിൻെറ ശബ്ദം കേൾക്കുവാനോ കേട്ടാൽ തന്നെ തിരിച്ചറിയുവാനോ എളുപ്പമല്ല. ദൈവം സ്നേഹസമ്പൂർണ്ണനും സർവശക്തനുമാണെന്നു പറയപ്പെടുന്നു. എന്നാൽ ഇന്നു ലോകത്തിൽനടമാടുന്ന അക്രമങ്ങളും അനീതിയും ദുരിതങ്ങളുമെല്ലാം കാണുമ്പോൾ അങ്ങനെ പറയുക സാദ്ധ്യമാണോ? ഒരു തത്വജ്ഞാനി പറയുകയുണ്ടായി ദൈവം സ്നേഹസമ്പൂർണ്ണനാണെങ്കിൽ സർവശക്തനായിരിക്കാനിടയില്ല, സർവശക്തനാണെങ്കിൽ സ്നേഹസമ്പൂർണ്ണനായിരിക്കാനും ഇടയില്ല, എന്ന്. സ്നേഹവും ശക്തിയും ഒരുപോലെയുള്ള ദൈവം താൻ സ്നേഹിക്കുന്ന തൻെറ മക്കൾ ഇതുപോലെ ദുരിതമനുഭവിക്കുന്നതു കണ്ടുകൊണ്ട് നിസ്സഹായനായി നിലകൊള്ളുകയില്ല എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

“God is in thisheaven
All is right with the world

എന്നു് ഒരു ആംഗ്ലേയകവിയായ ബ്രൗണിങ്ങ് പാടിയിട്ടുള്ളതു ശരിതന്നെ (ദൈവം സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നു. ലോകത്തിൽ എല്ലാം ഭംഗിയായി നടക്കുന്നു) എന്നാൽ സുഖവും സൂര്യപ്രകാശവുമുള്ള ചില ദിവസങ്ങളിൽ അപൂർവം ചിലർക്കല്ലാതെ കവിയോടു യോജിക്കുവാൻസാധിക്കുമെന്നുതോന്നുന്നില്ല. ഈ ലോകം ദർശിച്ചിട്ടുള്ളതിൽ വെച്ച് ഏററവും മഹത്തായ മനുഷ്യജീവിതം—നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ജീവിതം തന്നെ—എങ്ങനെ അവസാനിച്ചു എന്നു ചിന്തിച്ചുനോക്കുക. അപമൃത്യുവും അപമാനവും അസഹ്യമായ ദണ്ഡനവുമല്ലായിരുന്നോ അതിൻെറ അനുഭവം? ദൈവം സ്നേഹപൂർണ്ണനാണെന്നോ സർവശക്തനാണെന്നോ സങ്കല്പിക്കുവാൻ സഹായിക്കുന്ന എന്തെങ്കിലും നാമിവിടെ കാണുന്നുണ്ടോ? നേരേമറിച്ച് ദൈവത്തിനു സ്നേഹമോ ശക്തിയോ തെല്ലുമില്ലെന്നു തെളിയിക്കുന്ന അനേകം കാര്യങ്ങൾ എവിടെ നോക്കിയാലും ചൂണ്ടിക്കാണിക്കാനുണ്ടു താനും. ഇങ്ങനെയുള്ള ശബ്ദങ്ങൾക്കിടയിൽ ദൈവത്തിൻെറ സ്നേഹത്തേയും കരുതലിനേയും കുറിച്ച് അസന്നിഗ്ദ്ധമായ സ്വരത്തിൽ സംസാരിക്കുന്ന ഒരു ശബ്ദം കേൾക്കുവാൻ നാം എങ്ങോട്ടാണ് തിരിയേണ്ടതു്?

യിരമ്യാപ്രവാചകൻെറ പുസ്തകം 31—ാം അദ്ധ്യായം 33—ാം വാക്യം ശ്രദ്ധേയമാണ്. “ഇസ്രായേൽ ഗൃഹവുമായി ഞാൻ ഉണ്ടാക്കുന്ന സഖ്യം ഇതാണ്. ആ ദിവസങ്ങൾക്കു ശേഷം, ഞാൻ എൻെറ നിയമം അവരുടെ അന്തരംഗത്തിൽ വെയ്ക്കുകയും അവരുടെ ഹൃദയത്തിൽ എഴുതുകയും ചെയ്യും. ഞാൻ അവരുടെ ദൈവമായിരിക്കുകയും അവർ എൻെറ ജനമായിരിക്കുകയും ചെയ്യും എന്ന് യഹോവ പറയുന്നു.” മനുഷ്യൻെറ മാനസിക വളർച്ചയിൽ ഉണ്ടായിട്ടുള്ള ഏററവും വലിയ അത്ഭുതം മൂല്യങ്ങളെക്കുറിച്ചുള്ള ബോധമാണ്. ആദിമമനുഷ്യൻ നന്മ ചെയ്യുന്നതു അധികവും പ്രതിഫലത്തെക്കരുതിയായിരുന്നു. അവൻ മോഷ്ടിക്കാതിരുന്നെങ്കിൽ അതിനുള്ള കാരണം മോഷണം മററുള്ളവരുടെ നോട്ടത്തിൽ നിഷിദ്ധമായിരുന്നു എന്നുള്ളതോ ശിക്ഷാർഹമായിരുന്നു എന്നുള്ളതോ മാത്രമായിരുന്നിരിക്കണം. അങ്ങനെ സമുദായം അനുവദിക്കാത്തതു കൊണ്ടോ ഭവിഷ്യത്തിനെ ഭയന്നിട്ടോ മാത്രം തെററു ചെയ്യാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു; എന്നാൽ കാലക്രമത്തിൽ മനുഷ്യർ നന്മയെ നന്മയായതുകൊണ്ടുമാത്രം തെരഞ്ഞെടുക്കുവാൻ പഠിച്ചു. മനുഷ്യൻെറ ഏററവും ആഴമായ സംതൃപ്തി നന്മ ചെയ്യുവാനുള്ള ആഗ്രഹത്തെ ആശ്രയിച്ചു നന്മ ചെയ്യുമ്പോൾ കണ്ടെത്തുന്നതാണ്. ഒന്നു മറെറാന്നിനേക്കാൾ നല്ലതാണ് അല്ലെങ്കിൽ ഉത്തമമാണ് എന്നു വിധിക്കുവാനുള്ള കഴിവു മനുഷ്യനുണ്ടായി എന്നുള്ളതാണ് അവൻെറമാനസികവളർച്ചയിൽ ഏററവുംഅത്ഭുതകരമായിട്ടുള്ളതു്. ഉദാഹരണമായി ദയ ക്രൂരതയേക്കാൾ ശ്ലാഘനീയമാണെന്നോ സ്നേഹം ദ്വേഷത്തേക്കാൾ ഉത്തമമാണെന്നോ വിശുദ്ധി അശുദ്ധിയേക്കാൾ സ്വീകാര്യമാണെന്നോ ഉള്ള മനോബോദ്ധ്യം. ഇതു് എവിടെനിന്നു വന്നു? കഷ്ടനഷ്ടങ്ങൾ വന്നാലും നന്മ ചെയ്യുകയാണ് വേണ്ടതെന്ന് മനു

ഷ്യൻ എങ്ങനെ പഠിച്ചു? ഈ പ്രമാണം ദൈവം മനുഷ്യന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു എന്നുള്ളതുമാത്രമാണ്; അല്ലെങ്കിൽ അങ്ങനെയുള്ള മൂല്യങ്ങളോടുകൂടിയ ദൈവം തന്റെ സ്വന്തം സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നുള്ളതുതന്നെ.

നമ്മുടെ കർത്താവിനെ നോക്കുക. യാതൊരു തിന്മയും ചെയ്യാത്ത തനിക്കു ലഭിച്ച അനുഭവം മുൾക്കിരീടവും ക്രൂശുമരണവുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ലോകപ്രകാരം ഒരു വലിയ പരാജയമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മനോഭാവത്തിൽ യാതൊരു വ്യതിയാനവും വരുത്തുവാൻ ഈ അനിഷ്ടാനുഭവങ്ങൾ പര്യാപ്തമായില്ല. ഒരു നേരിയ ശബ്ദം ആ ക്രൂശിൽനിന്നു നമുക്കു കേൾക്കാം. "പിതാവേ നിന്റെ കൈകളിലേക്കു ഞാൻ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു." യാതൊരു ദുരിതാനുഭവത്തിനും തകർക്കാൻ കഴിയാത്ത ആ ദൃഢവിശ്വാസം—ആ വിശ്വാസത്തിൽനിന്നു പുറപ്പെട്ട ശബ്ദം മാത്രമാണ് നമുക്കു വിശ്വാസയോഗ്യവും ശ്രദ്ധേയവുമായിട്ടുള്ളതു്. ഈ പ്രപഞ്ചത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നതു നന്മയാണ്. തിന്മയ്ക്കു സ്ഥിരമായ സ്ഥാനമില്ല. എങ്കിലും നന്മയെ വളർത്തുവാനും വികസിപ്പിക്കുവാനും തിന്മയെ ദൈവം അനുവദിക്കുന്നു എന്നുമാത്രം.

പരസ്പരവിരുദ്ധങ്ങളായ ശബ്ദങ്ങൾ കേൾക്കുമ്പോൾ നാം അമ്പരന്നുപോകരുതു്. നന്മയിലേക്കു നമ്മെ ക്ഷണിക്കുന്ന ശബ്ദങ്ങളെ മാത്രം നാം അനുസരിച്ചാൽമതി. മറ്റുള്ള ശബ്ദങ്ങൾക്കു നാം ചെവികൊടുക്കേണ്ട ആവശ്യമില്ല. സ്നേഹവും സത്യവും നീതിയും നിലനിൽക്കും. ദൈവം സ്നേഹമാണ്. താൻ സർവശക്തനുമാണ്. അവസാനം ദൈവംതന്നെ വിജയിക്കും. ഈ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുവാനും താൽക്കാലിക പരാജയങ്ങളെ അവഗണിച്ച് ദൈവത്തിന്റെ ശബ്ദംമാത്രം ശ്രവിച്ചുകൊണ്ടു മുമ്പോട്ടു പോകുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

## ചർച്ച് വീക്ക്ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒറ്റപ്രതി | 0 | 2 | 0 |
| ഇൻഡ്യക്കു വെളിയിൽ | 8 | 0 | 0 |

# ചില പൂർവ്വിക സഭായോജിപ്പുകൾ

## II

എം. സി. കുറിയാക്കോസു റമ്പാൻ.

പാത്രിയർക്കാ സിംഹാസനവും കാതോലിക്കാസിംഹാസനവും തമ്മിൽ ഭിന്നിച്ചു നിൽക്കവേ, 869—ാമാണ്ടു ക്‌പർത്തുത്താ എന്ന സ്ഥലത്തുവച്ച് നടന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് താഴെക്കാണുന്ന നിശ്ചയങ്ങൾ ചെയ്തു യോജിച്ചതായി യൂഹാനോൻ എന്നുപേരായ ഒരു പാത്രിയർക്കീസുതന്നെ എഴുതിയിട്ടുണ്ട്. (കാനോൻ 7—ാം അദ്ധ്യായം ഒന്നാം ഭാഗത്തുള്ള അവസാന ഖണ്ഡിക കാണുക.)

1. മത്തായിയുടെ ദയറായിലുള്ള എപ്പിസ്കോപ്പന്മാരും ദയറായക്കാരും തീഗ്രീസു സിംഹാസനത്തിലുള്ള മപ്രിയാനായ്ക്കു കീഴ്പ്പെട്ടും അദ്ദേഹത്തെ അനുസരിച്ചും ഇരിക്കണം. 2. ക്ഷണിക്കപ്പെടുമ്പോഴല്ലാതെ ഭരണത്തിനായി, അന്ത്യോക്യാ പാത്രിയർക്കീസ് തീഗ്രീസിടവകയിലോ മപ്രിയാനാ പാത്രിയർക്കീന്റെ ഇടവകയിലോ പ്രവേശിച്ചു കൂടാ. 3. അന്ത്യോക്യാ പാത്രിയർക്കീസിനോടുകൂടെ മപ്രിയാനാ (പള്ളിയിൽ) സന്നിഹിതനാകുമ്പോൾ അദ്ദേഹത്തിന്റെ വലത്തുഭാഗത്തു ഒന്നാമതായി ഇരിക്കുകയും അദ്ദേഹത്തിന്റെ പിന്നാലെ (തുബ്ദേൻ പ്രാർത്ഥനയിൽ) പേരു പ്രസ്താവിക്കപ്പെടുകയും കുർബാന അനുഭവിക്കുകയും ചെയ്യണം. 4. മപ്രിയാനാ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസ് വാഴിക്കപ്പെടരുതു്: അങ്ങനെയല്ലാതെ ചെയ്താൽ പരസ്യമായി സ്വയമായി മപ്രിയാനായെ വാഴിക്കുന്നതിനു അധികാരം ഉണ്ടു്. 5. കർദ്ദു, ബെസ്‌സബ്ദായി എന്ന ഇടവകകളും തീഗ്രീസിനു ഇരിക്കണം. 6. കിഴക്കരുടെയും പടിഞ്ഞാറരുടെയും ഇടയിൽ ഉണ്ടായിട്ടുള്ള എല്ലാ മുടക്കുകളും അസ്ഥിരപ്പെടുത്തിയിരിക്കുന്നു. 7. പാത്രിയർക്കീസിന്റെ ഇടവകയിൽ മപ്രിയാനാ വാഴിച്ച എപ്പിസ്കോപ്പന്മാർ മൂവരെയും സ്വീകരിച്ചിരിക്കുന്നു. 8. മപ്രിയാനായാൽ മുടക്കപ്പെടുന്ന എപ്പിസ്കോപ്പാ പാത്രിയർക്കീസിനാലും മുടക്കപ്പെട്ടവനായിരിക്കണം.

കാനോൻ 7—ാം അദ്ധ്യായം ഒന്നാം ഭാഗത്തുള്ള ഈ തീരുമാനങ്ങളുടെയും രാണ്ടാംഭാഗത്തുള്ളവയായി ഈ മാസം 8—ാം തീയതിയിലെ ചർച്ചുവീക്ക്ലിയിൽ ഞാൻ എഴുതിയിട്ടുള്ള നടപടികളുടെയും വെളിച്ചത്തിൽ ഇപ്പോഴത്തെ


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കന്നിക്കോട്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏറ്റവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

പ്രധാനവൈദ്യൻ

പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി

പുനലൂർ

# വേദവായനക്കുറിപ്പുകൾ

തിങ്കൾ. സങ്കീ. 46. 8—11

ഒരു വലിയ നഗരത്തിൽ അൽതിരക്കുണ്ടായിരുന്ന ഒരു തെരുവിൽ വാഹന നിയന്ത്രണത്തിനുണ്ടായിരുന്ന വിളക്കിന്റെ സൂചന കണ്ടു വാഹനങ്ങളെല്ലാം നിറുത്തി. യാത്രാനുവാദ സൂചന നൽകുന്ന അടയാളം കണ്ടപ്പോൾ ഏററവും മുമ്പിൽ കിടന്നിരുന്ന കാർ സ്റ്റാർട്ടു ചെയ്യുവാൻ നിവൃത്തിയില്ലാതെ അതു ഡ്രൈവർ കുഴങ്ങി. അതിനു പിന്നിൽ കിടന്നിരുന്ന വണ്ടിയുടെ ഡ്രൈവർ തുടർച്ചയായി ഹോൺ അടിച്ചുതുടങ്ങി. മുൻപിൽ കിടന്നിരുന്ന കാറിലെ അക്ഷമനായിത്തീർന്ന ഡ്രൈവർ പിന്നോട്ടു നോക്കി ശാന്തമായി വിളിച്ചു പറഞ്ഞു. "നിങ്ങൾ ഇവിടെ വന്നു എന്റെ കാർ സ്റ്റാർട്ടു ചെയ്യാമെങ്കിൽ ഞാൻപോയി നിങ്ങളുടെ കാറിലെ ഹോൺ അടിച്ചുകൊള്ളാം." നമ്മിൽ പലരും വലിയ ധൃതഗതിക്കാരും തൽഫലമായി വലിയ ബഹളവും ഒച്ചപ്പാടും ഉണ്ടാക്കുന്നവരുമാണു്; നാം മുമ്പോട്ടു നീങ്ങുകയോ മററുള്ളവർ മുമ്പോട്ടു പോകുന്നതിനു് അനുവദിക്കുകയോ ചെയ്യുകയില്ല, അവ ധത്തിലുള്ള നമ്മുടെ നിലപാടു് ബഹളം വർദ്ധിപ്പിക്കുകയും മററുള്ളവർക്കു് നീരസം ജനിപ്പിക്കുകയും ചെയ്യുന്നതിനുമാത്രമേ സഹായകമാകൂ. ദിവസവും പ്രഭാതവേളയിൽ ദൈവതിരുസന്നിധിയിൽ ചെലവഴിക്കുന്ന അല്പസമയം ദൈനംദിന ജീവിതത്തിൽ നമുക്കാവശ്യമായ പ്രശാന്തതയും ശക്തിയും ബാലൻസും നൽകുന്നതാണു്. ദൈവം ഒരിക്കലും ധൃതി പിടിക്കുന്നില്ലെന്നു നാം മനസ്സിലാക്കിയിരുന്നു എങ്കിൽ അതു നമ്മുടെ അക്ഷമയെ നിയന്ത്രിക്കുന്നതിനു സഹായകമാകുമായിരുന്നു,

ചെവ്വാ. മത്തായി. 7. 24—29

വലിയ ഒരു നഗരത്തിൽ കൊടുംകാററിന്റെ ഫലമായുണ്ടായ നാശം കാണുവാനായി അനേക സന്ദർശകർ ഓടിക്കൂടി. അനേകർ മരിക്കുകയും പല ഭവനങ്ങളും എടുപ്പുകളും നശിക്കുകയും ചെയ്തിരുന്നു. എന്നാൽ ധാന്യങ്ങൾ കയററി ഇറക്കുന്നതിനുപയോഗിച്ചിരുന്ന ഒരു എലിവേറ്റർ യാതൊരു തകരാറു കൂടാതെ നെട്ടായം നിവർന്നു നിൽക്കുന്നതു കണ്ടു ആളുകൾ അത്ഭുതപ്പെട്ടു: സൂക്ഷിച്ചു നോക്കിയപ്പോഴാണു് ആ എലിവേറ്റർ ശോതമ്പു കൊണ്ടു നിറച്ചിരിക്കയായിരുന്നുവെന്നും അതുകൊണ്ടാണു് കാററു് എത്ര ശക്തിയായി അടിച്ചിട്ടും അതു മറിയാതിരുന്നതെന്നും ഗ്രഹിക്കുവാൻ കഴിഞ്ഞതു്. ഗംഭീരങ്ങളായ മാററപലപ്പെട്ട ടങ്ങളും മറിക്കുവാൻ വയ്യാപ്തമായ കൊടുങ്കാററിന്റെ ഉപദ്രവം അതിനു യാതൊരു കേടും വരുത്തുവാൻ കഴിഞ്ഞില്ല. നമ്മുടെ ജീവിതം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാൽ നിറഞ്ഞിരുന്നു എങ്കിൽ മററു യാതൊരു സമ്മർദ്ദങ്ങൾക്കും നമ്മിൽ ഒരു ഫേമവും ചെലുത്തുവാൻ കഴിയുന്നതല്ല. എത്ര വലിയ കാററടിച്ചാലും അവയെ എതിർത്തു നിൽക്കുവാൻ കഴിയുകയും ചെയ്യും. പ്രയാസങ്ങളും ക്ലേശങ്ങളും നേരിടുമ്പോൾ നിൽക്കുവാൻ തക്കവിധത്തിൽ നാം ശക്തരായിരിക്കണമെന്നുള്ളതു് ദൈവത്തിന്റെ ഇഷ്ടം മാത്രമാകുന്നു.

ബുധൻ. സങ്കീർത്തനം. 103 1—7

ദൈവം തന്നിൽ വിശ്വസിക്കുകയും തന്നെ സ്നേഹിക്കുകയും ചെയ്യുന്നവർക്കു് തന്റെ പ്രവൃത്തികളും മനുഷ്യജാതിക്കു തന്റെ മാർഗ്ഗങ്ങളും വെളിപ്പെടുത്തികൊണ്ടിരിക്കുകയാണു്. ലോകത്തിന്റെ സ്രഷ്ടാവു സംരക്ഷകനും എന്ന നിലയിലുള്ള തന്റെ പ്രവൃത്തികളിൽ മനുഷ്യനു് യാതൊരു പങ്കും ഇല്ല. എന്നാൽ മററു ചില കാര്യങ്ങളിൽ ദൈവവും മനുഷ്യരും പങ്കുകാരാണു്. ശാസ്ത്രത്തിന്റെ പുരോഗമനത്തിലും പുതിയ കണ്ടുപിടുത്തങ്ങളിലും അവർ പങ്കാളിത്തമത്രേ വഹിക്കുന്നതു്. എന്നാൽ ദൈവത്തിന്റെ മനോഹരമായ ചില പ്രതീക്ഷകൾ നിറവേററുവാൻ മനുഷ്യന്റെ പ്രവർത്തനം കാത്തിരിക്കുകയാണു ദൈവം. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം, വർഗ്ഗങ്ങൾ തമ്മിൽ നീതി, അധഃസ്ഥിതരുടെ ഉന്നമനം എന്നിങ്ങനെ പല കാര്യങ്ങൾ നിറവേററുവാൻ നമ്മെ വിശ്വസിച്ചു താൻ കാത്തിരിക്കുകയാണു് ചെയ്യുന്നതു്. ദൈവത്തിന്റെ ഇഷ്ടാനുസരണം ചിന്തിക്കുകയും തന്റെ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്തു ലോകത്തെപററിയുള്ള ദൈവത്തിന്റെ പ്രതീക്ഷകൾ നിറവേററുവാൻ നമുക്കു കഴിയുന്നതാണു്.

ഈ വക കാര്യങ്ങളിൽ ഏതു പ്രകാരമുള്ള ഭാഗഭാഗിത്വം നാം വഹിക്കുന്നു.

വ്യാഴം. സങ്കീർത്തനങ്ങൾ 147. 1—11.

മനുഷ്യദൃഷ്ടിയിൽ ഭൂഗോളം വലുതാണെന്നു് തോന്നാം. എന്നാൽ അഖിലാണ്ഡത്തെ നാം നോക്കുമ്പോൾ ഭൂമിയേക്കാൾ, അനേകമടങ്ങു വലുതായ സൂര്യനേയും സൂര്യനേക്കാൾ അനേകമടങ്ങു വലുതായ ഇതരഗോളങ്ങളേയും നാം കാണുന്നു. എന്നാൽ ഈ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവു് നമ്മെ ഓരോരുത്തരേയും പററി ചിന്തയുള്ളവനാണെന്നുള്ളതു് അതിലെല്ലാം അത്ഭുതകരമായ ഒരു കാര്യമല്ലേ. ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച ദൈവം മനുഷ്യനെ ഏതു പ്രകാരം സൃഷ്ടിച്ചു എന്നു് വി. വേദപുസ്തകത്തിൽ നാം വായിക്കുന്നു. ആ സ്രഷ്ടാവിനെയാണു് പിതാവു് എന്നു നാം സംബോധന ചെയ്യുന്നതു്. ആ ദൈവം നീതിയുടെയും സത്യത്തിന്റെയും ദൈവമെന്നു്, സ്നേഹത്തിന്റെയും കരുണയുടെയും ദൈവമെന്നു്, മോചനം നൽകുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവമെന്നു് ക്രിസ്തു നമുക്കു് കാണിച്ചുതന്നിരിക്കുന്നു. കഷ്ടത അനുഭവിച്ച ക്രിസ്തുവിൽ ദൈവത്തിന്റെ സ്നേഹം നാം കാണുന്നു. അവനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചതുമൂലം പാപത്തിനും മരണത്തിനും മേൽ താൻ അധികാരിയാണെന്നു് ദൈവം വെളിപ്പെടുത്തി. നമ്മുടെ കർത്താവു് വലിയവനും ശക്തിയേറിയവനും അത്രേ.

---

രാജ്യിയാലോചനനടത്തിയിരുന്നെങ്കിൽ അതു കൊറിയൻ സംഭാഷണംപോലെ ദീർഘിക്കാതെ വിജയിക്കുമായിരുന്നു. ആ ആലോചനകൾ നടത്തിയ വിശ്രുദ്ധപിതാക്കന്മാരിൽ വ്യാപരിച്ച സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും ആത്മാവു് ഇപ്പോഴത്തെ ആലോചനക്കാരിലും വ്യാപരിച്ചെങ്കിലല്ലാതെ സമാധാനം കൈവരാനിടയില്ല.

വിശുദ്ധ മൂറോൻ തൈലത്തെ സംബന്ധിച്ചുള്ള കാനോൻ വ്യവസ്ഥയും ഇവിടെ ചൂണ്ടിക്കാണിക്കുന്നതു സ്ഥാനസ്ഥിതമായിരിക്കും എന്നു വിചാരിക്കുന്നു. മൂന്നാം അദ്ധ്യായം രണ്ടാംഭാഗത്തു ഇപ്രകാരം കാണുന്നു. പത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മാത്രമേ മൂറോൻതൈലം കൂദാശചെയ്യുവാൻ അധികാരമുള്ളു. ആ അദ്ധ്യായത്തിലെ 5—ാം ഭാഗവും ശ്രദ്ധേയമത്രേ. മേല്പട്ടക്കാരൻ മൂറോൻ കൂദാശ നടത്തുമ്പോഴൊക്കെയും (പാത്രിയർക്കീസു് എന്നോ കാതോലിക്കാ എന്നോ അല്ല) സൈത്തു പാത്രവും പരിശോധിക്കുകയും അതിൽ ഇല്ലെങ്കിൽ കല്പിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളാലും ദൃശ്യമാകളാലും അതു നിറച്ചു വർദ്ധിക്കുകയുംചെയ്യണം.

വെള്ളി, അ. പ്ര. 2, 14—21.

ഈ ഭാഗം വായിച്ചുകൊണ്ടിരിക്കവേ മുറിയുടെ ഉപരിഭാഗത്തു നിന്നു കീഴോട്ടു തൂങ്ങിക്കിടക്കുന്ന ഒരു ചിലന്തിയെ ഞാൻ കണ്ടു. സൂക്ഷ്മനയനങ്ങൾക്കുമാത്രം ദൃശ്യമായ ഒരു നൂലിന്റെ സഹായത്തോടുകൂടെ അതു് കുറെ താഴോട്ടു ഇറങ്ങി. അതിന്റെ ശ്രമം ഭിത്തിയിൽ ഉറപ്പിച്ചിരുന്ന ഒരു റേഡിയേറ്ററിൽ ചെന്നു പററുന്നതിനായിരുന്നു എങ്കിലും അതിന്റെ ശ്രമം സഫലമായില്ല. അതിനു് റേഡിയേററിൽ നിന്നു് അല്പം ദൂരയായി തൂങ്ങികിടക്കുന്നതിനേ കഴിഞ്ഞുള്ളു. ആ റേഡിയേററിൽ ചെന്നു പിടിക്കുന്നതിനുള്ള ശ്രമം സർവവും പരാജയപ്പെട്ടു. ഈ അവസരത്തിൽ ഞാൻ എഴുന്നേററു ചെന്നു് ആ ചിലന്തിയെ ലക്ഷ്യമാക്കി മന്ദമായി ഒന്നൂതി. എന്റെ ഉച്ഛ്വാസത്തിന്റെ സഹായത്താൽ അതിനു് ആ റേഡിയേററിൽ ചെന്നു പിടിക്കുന്നതിനും അവിടെ അതിന്റെ നൂൽ ഉറപ്പിക്കുന്നതിനും സാധിച്ചു.

പെന്തിക്കോസ്തുവരെ കർത്തൃശിഷ്യന്മാർ അശക്തരായിരുന്നു. എങ്കിലും വിശ്വാസത്തോടെ അവർ യരുശലേമിൽ കാത്തിരുന്നു. പെന്തിക്കോസ്തി ദിവസം ദൈവം അവരുടെ മേൽ ഊതി. തൽഫലമായി അവർ ദൈവശക്തികൊണ്ടു നിറയുകയും അസാദ്ധ്യകാര്യങ്ങൾ ചെയ്യുവാൻ പ്രാപ്തരായിതീരുകയും ചെയ്തു.

ശനി. അ. പ്ര: 1. 10—14.

യഹൂദനിയമപ്രകാരം ശബത്ത്ദിവസത്തെ വഴിദൂരം എത്രയെന്നു് ക്ലിപ്തപ്പെടുത്തിയിരുന്നു. ഒരു ക്രൈസ്തവന്റെ ദൈനംദിന യാത്രയുടെ ദൂരം നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല; അതൊരു അദ്ധ്യാത്മിക യാത്രയാണല്ലോ. അതു് അവനെ ആത്മീകമായ പല ഉന്നതഗിരികൾ കയറുന്നതിനും പല വിശാലസ്ഥലങ്ങൾ തരണം ചെയ്യുന്നതിനും ഇടയാക്കുന്നു. അതു് സർവമനുഷ്യരേയും സ്നേഹബന്ധത്താൽ വലയം ചെയ്യുന്ന ഒരു യാത്രയത്രേ. അവശ്യത്തിന്റേയും നിരാശയുടേയും താഴ്വരകളിലേക്കിറങ്ങി ക്രിസ്തുവിനെ കണ്ടിട്ടില്ലാത്തവർക്ക് അവന്റെ പ്രകാശം കാണിച്ചു കൊടുക്കുവാൻ ആ യാത്ര സംഗതിയാകുന്നു. ശിഷ്യന്മാർ ശാബത്തു് ദിവസത്തെ വഴിദൂരം മടങ്ങിവന്നു് മാളികമുറിയിൽ കയറി ഏകാത്മമവോടെ പ്രാർത്ഥനയിൽ ഉററിരുന്നു. ആ ചെറിയയാത്ര ആദ്ധ്യാത്മികവ്യാപ്തിയിൽ അന്തമില്ലാത്തതായിരുന്നു. ആ മാളികമുറിയിൽ ദൈവത്തിന്റെ ആത്മാവു് വന്നു് ലോകത്തിൽ കൂടെ അന്ത്യത്തോളം അല്ല എന്നേക്കും ദൈവനിർദ്ദേശിതമായ മാർഗ്ഗത്തിൽ കൂടെ യാത്രചെയ്യുവാൻ അവരെ യാത്രയാക്കി. ഒരു ക്രിസ്ത്യാനിയുടെ ദൈനംദിനയാത്ര ആത്മികമായി എത്രദൂരം കൊണ്ടുപോകുന്നു എന്നു നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല.

# നിരാശാഗർത്തത്തിൽ

എഫ്. ബി. എഫ്.

## I

ജീവിതനൈരാശ്യം നിമിത്തം പലർ ജീവിതം ഉപേക്ഷിക്കുന്നു എങ്കിൽ ഞാനതിൽ അത്ഭുതപ്പെടുന്നില്ല. എന്നാൽ നിരാശാഗർത്തത്തിൽ നിപതിച്ചവരിൽ കുറഞ്ഞൊരുഭാഗം ആളുകൾമാത്രമേ ജീവിതം അവസാനിപ്പിക്കുവാൻ മുതിരുന്നുള്ളൂ, അതാണു് എന്നിൽ അത്ഭുതമുളവാക്കുന്നതു്. അവരിൽപലരും ജീവിതം ഉപേക്ഷിക്കുവാൻ പ്രേരിതരാകാൻ കാരണങ്ങളുണ്ടെന്നു് സർവ്വജ്ഞാനിയായ ദൈവത്തിനു് അറിയാം. രോഗം, തൊഴിൽപരവും സാമ്പത്തികവുമായ പരാജയങ്ങൾ, നിരാശ, ഭ്രാന്തുപിടിക്കുന്ന ചില മാനുഷികബന്ധങ്ങൾ സംശയങ്ങൾ, ദുഃഖം എന്നിത്യാദി ദൈനംദിനജീവിതത്തിൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ധാരാളം മതിയാകും മനുഷ്യാത്മാവു് മരണത്തെ സ്വാഗതംചെയ്യുന്നതിനു പ്രേരിതമാകുവാൻ. മനോഹരങ്ങളായ ജീവിത സ്വപ്നങ്ങൾ കണ്ടുകൊണ്ടു് ജീവിതവഞ്ചിയിൽ കാൽ വച്ച എത്ര എത്ര മനുഷ്യാത്മാക്കളാണു് ജീവിത സർവ്വസ്വവുമായി സ്നേഹിച്ച സന്തത സഹചാരിയുടെ അവിശ്വസ്തതയും സ്നേഹമില്ലായ്മയും നിമിത്തം ജീവിതത്തിനു തന്നെ അന്ത്യം വരുത്തുവാൻ പരീക്ഷിക്കപ്പെട്ടിട്ടുള്ളതു് അതല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി ഭാവിയെപ്പററി ഉന്നതങ്ങളായ ചില ദർശനങ്ങൾ കണ്ടുകൊണ്ടു് മുന്നോട്ടു കാലടികൾ വച്ചു തുടങ്ങുമ്പോഴായിരിക്കും അപ്രതീക്ഷിതമായ വിധത്തിലുണ്ടാകുന്ന രോഗമോ അവശതയോ നിമിത്തം ലോകത്തിനു ഭാരവും സ്നേഹിക്കപ്പെട്ടവർക്കു തീരാദുഃഖത്തിനു കാരണവുമായി എന്നന്നേക്കുമായി ശയ്യാവലംബിയായി തീരുന്നതു്. എങ്കിലും ഏതോ ഒരു അമാനുഷിക ശക്തി അവരെ പിടിച്ചു നിർത്തുന്നു. ഇവയൊന്നും നാം സാധാരണ സംസാരിക്കുന്ന വിഷയങ്ങളല്ലാ. തങ്ങളുടെ ശോച്യാവസ്ഥയെപററി പിറുപിറുക്കുകയും ആവലാതിപറയുകയും ചെയ്യുന്നവർ ഇല്ലെന്നില്ല. എന്നാൽ അധികപങ്കു ആളുകൾ ശാന്തമായി, ശിരസ്സുയർത്തിപിടിച്ചു് പുഞ്ചിരിയോടുകൂടെ ജീവിതം അഭിമുഖീകരിക്കുന്നതു കാണാറുണ്ടു്. പക്ഷേ ബാഹ്യമായ അധൈര്യപ്രകടനത്തിനു പിന്നിൽ ഒരു തകർന്ന ഹൃദയവും ചഞ്ചലിക്കുന്ന ആത്മാവും ഇല്ലെന്നാരറിഞ്ഞു. കാരിരുമ്പു സമാനം കാണപ്പെടുന്ന ആ ബാഹ്യനിരാശക്കു പിന്നിൽ എത്രയെത്ര ആത്മാക്കളാണു് മർദ്ദനമേററു പരാജയം വരിച്ചു് ഇനിയും എത്ര വത്സരങ്ങളോ ദിവസങ്ങളോ നിമിഷങ്ങളോ പിടിച്ചു നിൽക്കേണ്ടി വന്നേക്കാമെന്നു് സംശയിച്ചു കഴിയുന്നതു്. അവരെ ആശ്വസിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും മതിയായ ഒരു വാക്കെങ്കിലും ഉണ്ടെങ്കിൽ അതു് നാം സംസാരിക്കുന്നതു് ഉചിതമായിരിക്കും.

ആത്മഹത്യ ചെയ്യുന്നതിനു് തീരുമാനിച്ചിരുന്ന ഒരു മനുഷ്യൻ ഒരു പ്രാസംഗികന്റെ ഉപദേശങ്ങളിലടങ്ങിയിരുന്ന ആഹ്വാനം കേട്ടു് പിൻതിരിഞ്ഞതായി എവിടെയോ വായിച്ചതു് ഞാനോർക്കുന്നു. ആററിൽ ചാടി ആത്മഹത്യ ചെയ്യുന്നതിനാണു് ആ മനുഷ്യൻ തീരുമാനിച്ചിരുന്നതു്. "പ്രത്യാശകൈവെടിയരുതു്. ഏതൊരു മനുഷ്യനും അല്പനിമിഷങ്ങൾ കൂടെപിടിച്ചു നിൽക്കുവാൻ കഴിയുന്നതാണു്" എന്നുള്ള പ്രാസംഗികന്റെ ഉൽബോധനം ശ്രവിച്ച ആ മനുഷ്യൻ തന്റെ ആത്മഹത്യാശ്രമത്തിൽനിന്നു് പിന്മാറിയപോലും.

ഏതൊരുവനും അല്പനിമിഷങ്ങൾകൂടെ പിടിച്ചു നിൽക്കുവാൻ കഴിയുമെന്നുള്ള തത്വം ശാരീരികമായി ശരിയാണെന്നു് മത്സര ഓട്ടക്കാർക്കു് അറിയാം. വീണ്ടും വീണ്ടുമുള്ള പരിചയത്തിൽ നിന്നു് തന്റെ അനുഭവത്തിനു് രണ്ടു ഘട്ടങ്ങളുണ്ടെന്നു് അവനറിയുന്നു. ഒന്നാമതായി അസഹ്യമായ ക്ഷീണവും തളർച്ചയും അനുഭവപ്പെടുന്ന ഒരവസ്ഥ. നാവിന്റെ വരൾച്ചയും ഹൃദയത്തിന്റെ ശക്തമായ ഇടിപ്പും വായുലഭിക്കുന്നതിനു വേണ്ടിയുള്ള ശ്വാസകോശങ്ങളുടെ വിമ്മിഷ്ടവും അവയവങ്ങളുടെ തളർച്ചയും നിമിത്തം അവനെ സംബന്ധിച്ചിട

ത്തോളം മത്സരഓട്ടം സമാപിച്ചു എന്ന് ഒരു ഓട്ടക്കാരൻ ഭയപ്പെടുന്നു. മുമ്പോട്ടുള്ള ഓരോ കാൽ വയ്പിനും അടുത്തപടി അവസാനത്തേതാണെന്നും അതോടുകൂടെ അവൻ പുറം തള്ളപ്പെട്ടുപോകുന്നുള്ള ചിന്ത അവനെ ഫേമിക്കുന്നുണ്ട്. . അവന്റെ ശക്തിമുഴുവനും ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാലും അവൻ പിന്മാറുന്നില്ല. അവനെക്കൊണ്ട് സാധ്യമല്ലെന്ന് അറിയാമായിരുന്നിട്ടും അവനോടുന്നുണ്ട്. പെട്ടെന്ന് ഏതോ അത്ഭുതശക്തിയുടെ പ്രവർത്തനംപോലുള്ള ഒരനുഭവം അവനുണ്ടാകുന്നു. എവിടെനിന്നോ നൂതനമായ ശക്തി ലഭിച്ച ഒരനുഭവമാണു അവനിപ്പോഴുള്ളത്. ഒരു ടാങ്കിലെ പെട്രോൾ തീർന്നപ്പോൾ മറ്റൊരു ടാങ്കിൽനിന്നു പെട്രോൾലഭിക്കുന്ന മോട്ടർ എപ്രകാരം ഓടുന്നുവോ അപ്രകാരം അവനും ഓടുന്നു. ഇപ്പോഴുള്ള അവന്റെ വിചാരം ഇനിയും എത്രവേണമെങ്കിലും ഓടാമെന്നാണ്.

ശാരീരകമായി അനുഭവപ്പെടുന്ന ഈ പ്രത്യേകത മനുഷ്യജീവിതത്തിൽ മറഞ്ഞിരിക്കുന്നതും പ്രവചിക്കുവാൻ പാടില്ലാത്തതുമായ കഴിവുകളുടെ ഒരു സൂചികമാത്രമാണ്. ഒരുവന്റെ യഥാർത്ഥകഴിവുകളുടെ ഭദ്രമായ സൂചനയാണു അവന്റെവിചാരങ്ങൾ എന്നു ചിന്തിക്കുന്നതു തികച്ചും അബദ്ധമായിരിക്കും. സാഹിത്യസാമ്രാട്ടായ ഷേക്സ്പീയർ മഹാകവിയുടെ ഒരു വാചകം ഏതാണ്ടിപ്രകാരംപോകുന്നു. "നമ്മുടെ സംശയങ്ങൾ കേവലം വഞ്ചകന്മാരത്രേ. ശ്രമിച്ചുനോക്കുന്നതിനുള്ള ഭയം നിമിത്തം നമ്മുടെ സംശയങ്ങൾ നമുക്കു നേടാമായിരുന്ന പല വിജയങ്ങളും നഷ്ടപ്പെടുത്തുന്നതിനിടയാക്കുന്നു" അദ്ദേഹം എഴുതിയിരിക്കുന്നതു് ഏറ്റവും അർത്ഥവത്തായ പരമാർത്ഥമാകുന്നു. നമ്മുടെ സംശയങ്ങൾപോലെതന്നെ നമ്മെ ചതിക്കുന്ന വഞ്ചകന്മാരാണു നമ്മുടെ വിചാരങ്ങൾ (feelings) കരളിന്റെ പ്രവർത്തനമാന്ദ്യം നിമിത്തമോ തൈറോയിഡു് ഗ്ലാൻഡിന്റെ പ്രവർത്തനശൂന്യത നിമിത്തമോ അതുമല്ലെങ്കിൽ കാര്യങ്ങളെ അശുഭപ്രതീക്ഷയോടെ വീക്ഷിക്കുന്ന പ്രകൃതം നിമിത്തമോ നമ്മുടെ വിചാരങ്ങൾ നിയന്ത്രിക്കപ്പെട്ടാം. വിചാരങ്ങൾ പർവ്വതനിരകളുടെ ഉപരിതലത്തിന്റെ സൂചന രേഖകൾ മാത്രമാകുന്നു. അവയ്ക്കടിയിൽ അമൂല്യനിക്ഷേപങ്ങളും പ്രവർത്തന ശക്തമായ നീരുറവുകളും മങ്ങികിടപ്പുണ്ട്.

ആധ്യാത്മികവും സാന്മാർഗ്ഗികവുമായ മണ്ഡലങ്ങളിലും ശാരീരികമായ അനുഭവങ്ങളിൽ ദൃശ്യമാകുന്ന ഈ രണ്ടാംഘട്ടം അനുഭവബോധ്യമാകുന്ന ഒരു യാഥാർത്ഥ്യമത്രേ. മനുഷ്യശക്തിക്കതീതമെന്ന് പരിഗണിക്കപ്പെട്ടിരുന്ന എത്രയെത്ര കാര്യങ്ങളാണ് ബലഹീനനായ മനുഷ്യൻ സാധിച്ചുകൊണ്ടിരിക്കുന്നതു്. ചിന്തകനായ എമേഴ്സൻ ഒരവസരത്തിൽ പറഞ്ഞു "പരാക്രമശാലി മറ്റൊരുമനുഷ്യനേക്കാളും ധൈര്യശാലിയല്ല. അഞ്ചുമിനിറ്റുകൂടുതൽ സമയം പിടിച്ചു നിൽക്കുവാനുള്ള ധൈര്യം അവനുണ്ടായിരുന്നു എന്നേയുള്ളു. അദ്ദേഹത്തിന്റെ അഭിപ്രായം തികച്ചും ശരിയാണു്. അഞ്ചുമിനിറ്റുകൂടുതൽ പിടിച്ചു നിന്നതു നിമിത്തം തങ്ങളിൽ നിക്ഷിപ്തമായിരുന്ന അമാനുഷികങ്ങളായ കഴിവുകൾ ലോകത്തിനു പ്രയോജനകരമായ വിധത്തിൽ വിനിയോഗിക്കപ്പെടുവാൻ ഇടയാക്കിയ എത്ര സംഭവങ്ങളാണു് ചരിത്രത്തിന്റെ ഏടുകളിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു്.

സംഗീതത്തിലും ഇതര കലകളിലും വ്യാപൃതരായിരുന്നവരുടെ ജീവിതത്തിലേക്കു കടന്നാൽ ഈ അനുഭവവൈശിഷ്ട്യത്തിനു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയുന്നതാണു്. ചെളിക്കുണ്ടിലാണു് താമര വളരുന്നതു്. മുള്ളുകൾക്കിടയിലാണു് റോസാപുഷ്പം വിടരുന്നതു്. ജീവിതത്തിനു മാധുര്യം കൂട്ടുന്ന പല കാര്യങ്ങൾ സാധിതമായതു് കയ്പേറിയ അനുഭവ വൈചിത്ര്യങ്ങൾക്കിടയിൽക്കൂടെയാണെന്നുള്ളതിനു കാരണം ആരെങ്കിലും ഭാവിയിൽ നമുക്കു് വ്യാഖ്യാനിച്ചു തന്നേക്കാം. ഇംഗ്ലീഷ് ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള ഗാനങ്ങൾ പരിചയമുള്ളവർക്കറിയാം എല്ലാ ക്രിസ്തുമസ് ദിവസങ്ങളിലും ആലപിക്കാറുള്ള The Messiah എന്ന ഗീതത്തിന്റെ വൈശിഷ്ട്യം എത്ര വലുതാണെന്നു്. 1741-ൽ ആ ഗാനം വിരചിതമായിരുന്നില്ല. അതിന്റെ രചയിതാവായ ഹാൻഡൽ മരണം സ്വാഗതം ചെയ്തുകൊണ്ടിരിക്കയായിരുന്നു. ആരോഗ്യം നഷ്ടപ്പെട്ടു്, ധനം മുഴുവൻ നശിച്ചു് ശരീരത്തിന്റെ വലത്തുവശം മുഴുവൻ തളർന്നു് ഋണഭാരം നിമിത്തം വ്യാകുലനായി തൽഫലമായുണ്ടാകാവുന്ന ജയിൽ ജീവിതം ഭയപ്പെട്ടു് ആത്മഹത്യ ചെയ്യുവാൻ പ്രേരിതനായി കഴിയുന്ന ഘട്ടത്തിലാണു് ആ ഗാനം അദ്ദേഹം രചിച്ചതു്. അഞ്ചു നിമിഷം കൂടെ പിടിച്ചു നിൽക്കുവാനുള്ള ക്ഷമ അദ്ദേഹത്തിനില്ലായിരുന്നു എങ്കിൽ ആ മനോഹര ഗാനം വിരചിതമാകുകയോ അങ്ങനെ സംഗീതലോകം സമ്പുഷ്ടമാക്കപ്പെടുകയോ ചെയ്യുകയില്ലായിരുന്നു. ആ മനോഹരഗാനം നിങ്ങൾ കേൾക്കുന്നതിടയാകുന്ന പക്ഷം ആഗാനം ഏതു സാഹചര്യത്തിലാണ് നിർമ്മിതമായതെന്നു ഇനിയെങ്കിലും നിങ്ങൾ സ്മരിക്കുമല്ലോ. The Conquest of Fear എന്ന മഹൽ ഗ്രന്ഥം അനുവാചകരിൽ എത്ര പേർ വായിച്ചിരിക്കുമെന്നു അറിവാൻ പാടില്ല. ആ മഹൽഗ്രന്ഥത്തിന്റെ കർത്താവാകുവാനുള്ള അവകാശം ഏതു സാഹചര്യത്തിലാണു തൽകർത്താവിനു് ലഭിച്ചതെന്നു് അറിയേണ്ടതാണു്. രോഗബാധിതനായ ആ ഗ്രന്ഥകർത്താവിനെ ചികിത്സിച്ചുകൊണ്ടിരുന്ന ഭിഷഗ്വരന്മാർ അവരുടെ അഭിപ്രായം അദ്ദേഹത്തെ അറിയിച്ചു. ബുദ്ധിശക്തി മന്ദീഭവിച്ചു കുറഞ്ഞൊരു മാസങ്ങൾക്കിടയിൽ മരിക്കുമെന്നായിരുന്നു അവരുടെ അഭിപ്രായം. അതിനുശേഷം ശയ്യാവലംബിയായി, അന്ധനായി ജീവിച്ചുകൊണ്ടു് നാലുതോളം പുസ്തകങ്ങൾ മരിക്കുന്നതിനു മുമ്പായി അദ്ദേഹം രചിച്ചു. അവയിലൊന്നാണു് സുപ്രസിദ്ധമായ ആ ഗ്രന്ഥം. ഇരുപത്തിഒന്നു വത്സരങ്ങൾ അന്ധനാ

**Punnathra Tile Works Kottayam.**
**ETTUMANOOR A. O.**

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

**OUR SURKI POWDER A SPECILITY.**

For further particulars please write to:
P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

Licenec No. 498 Dated 2[illegible]-8-1946 Reg. M. 5268

# THE CHURCH WEEKLY

ചരിത്രപംക്തി

## മലങ്കരസഭയിലെ ആർക്കദിയാക്കോന്മാരും മാർ തോമ്മാ മെത്രാന്മാരും

(പി. എം. പത്രോസു, മുളന്തുരുത്തി)

തുടർച്ച

### ഏഴാം മാർത്തോമ്മാ മെത്രാൻ

ഇദ്ദേഹം ഭക്തനും സമാധാന പ്രിയനും വലിയ മതവൈരാഗിയും ആയിരുന്നു. പള്ളി ആരാധനകളിലും ദൈവീക ശുശ്രൂഷകളിലും കൃത്യനിഷ്ഠയുള്ളവനും ആയിരുന്നു. എന്നാൽ ഭരണശേഷി അശേഷം ഇല്ലാത്ത ഒരാൾ ആയിരുന്നു. പട്ടമേറ്റശേഷം അധികകാലം സഭാ ഭരണം നടത്താൻ ഇടയായില്ല. മലങ്കരസമുദായം യാതൊരു ഒച്ചപ്പാടും കൂടാതെ ഇദ്ദേഹത്തെ തങ്ങടെ സഭാദ്ധ്യക്ഷനായി സ്വീകരിച്ചിരുന്നു. മാർ ദീവന്നാസ്യോസു മെത്രപ്പോലീത്തായുടെ കാലത്തു അന്നു ഇദ്ദേഹത്തെ മെത്രപ്പോലീത്തായുടെ സഫ്റഗൻ ആയി നിയമിച്ചിരുന്നതിനാൽ ആണു അദ്ദേഹത്തെ കഴിഞ്ഞുപോയ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി അവരോധിച്ചു പൊതുസ്വീകാരം ലഭിക്കാനിടയായതു്. ഇദ്ദേഹം 1809 മിഥുനം 20—ാംനു പരലോകപ്രാപ്തനാകയും കോലഞ്ചേരി പള്ളിയിൽസംസ്കരിക്കപ്പെടുകയും ചെയ്തു.

ഇദ്ദേഹം കോലഞ്ചേരി, കടമറ്റം, അങ്കമാലി കണ്ടനാട്ടു മുളന്തുരുത്തി തുടങ്ങിയ പല വടക്കൻ പള്ളികളും ആസ്ഥാന കേന്ദ്രങ്ങളാക്കി സഭാ ഭരണം നടത്തിയിരുന്നു. കോലഞ്ചേരി പള്ളിയിലാണു അധികകാലവും കഴിച്ചുകൂട്ടിയതെന്നു സാധാരണ വിശ്വസിച്ചിരുന്നു. ഇദ്ദേഹത്തിനു മരണകാരണമായ ദീനം ആരംഭിച്ചതു കണ്ടനാട്ടുപള്ളിയിൽ താമസിക്കുമ്പോഴായിരുന്നു. മരണം പ്രാപിച്ചതു കണ്ടനാട്ടു പള്ളിയിൽ വെച്ചാണെന്നും അല്ലെന്നും ഇക്കാര്യത്തിൽ രണ്ടു അഭിപ്രായവും ഉണ്ടു്. കണ്ടനാട്ടുവെച്ചു കാലം ചെയ്തപ്പോൾ കായൽവക്കത്തോടടുത്തു മിക്കവാറും സ്ഥിതിചെയ്തിരുന്ന ഒരു പള്ളി ആയതു കൊണ്ടും മണൽപ്രദേശമായതു കൊണ്ടും സംസ്കരിപ്പാൻ വേണ്ടതു സ്ഥലം അവിടെ ഇല്ലായിരുന്നതു കൊണ്ടും കടമറ്റത്തു പള്ളിയിൽ കൊണ്ടുപോയി സംസ്കരിക്കേണ്ടതാണെന്നുകൂടിയവർ നിശ്ചയിച്ചു. അതുപ്രകാരം മൃതശരീരം കടമറ്റത്തു കൊണ്ടുപോയി സംസ്കരിക്കേണ്ടതിലേക്കു അവിടെനിന്നു ആഘോഷ സമേതം പുറപ്പെട്ടു. ഇദ്ദേഹവും പകലോമറ്റം കുടുംബജനായിരുന്നല്ലോ. പകലോമറ്റം കുടുംബക്കാരുടെ പ്രധാന ആസ്ഥാനമായിരുന്ന കുറവിലങ്ങാട്ടു നിന്നു ഒരംശം കടമറ്റത്തു കയറിയിരുന്നതിനാൽ ആ പള്ളി ഇടവകക്കാരനായി തീർന്നിരുന്നു. ഈ കാരണത്താലാണു കടമറ്റത്തു കൊണ്ടുപോയി സംസ്കരിക്കണമെന്നു തീരുമാനിപ്പാൻ ഇടയായതു. സംസ്കാരഘോഷയാത്ര കോലഞ്ചേരിൽ എത്തിയപ്പോൾ എല്ലാവരും അല്പസമയത്തേക്കു വിശ്രമിച്ചു. കോലഞ്ചേരിപ്പള്ളിയും മെത്രാന്റെ പ്രധാന ആസ്ഥാനകേന്ദ്രങ്ങളിൽ ഒന്നായിരുന്നതുകൊണ്ടു അവിടെ സംസ്കരിച്ചാൽ കൊള്ളാമെന്നു ഇടവകക്കാർ അഭിപ്രായപ്പെട്ടു. എന്നു മാത്രവുമല്ല അവിടെ കയറി 'നഗരികാണിക്കേണ്ടതു അത്യാവശ്യമാണെന്നും ഒരഭിപ്രായം ഉണ്ടായി. അക്കാലത്തു കണ്ടനാട്ടു കഴിഞ്ഞാൽ വഴിമദ്ധ്യേ അടുത്തുണ്ടായിരുന്ന ഒന്നായിരുന്നു കോലഞ്ചേരിപള്ളി. ഏതായാലും കോലഞ്ചേരിയിൽ കയറി നഗരികാണിക്കൽ കഴിഞ്ഞു കടമറ്റത്തേക്കു തിരിക്കയാണു നല്ലതെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടതിനാൽ കോലഞ്ചേരിൽ കയറി നഗരികാണിക്കൽ കഴിഞ്ഞുപോകാമെന്നു ഭൂരിപക്ഷം അഭിപ്രായപ്പെട്ടു. നഗരികാണിക്കൽ ആരംഭിച്ചതോടെതന്നെ സംസ്കാരാർത്ഥം കുഴിയും അവിടെ തീർത്തു. കുഴിയുംകൂടി ശരിപ്പെടുത്തിയതുകൊണ്ടും, കോലഞ്ചേരിക്കാർക്കു അവിടത്തന്നെ സംസ്കരിക്കണമെന്നു അതിയായ ആഗ്രഹം കണ്ടതുകൊണ്ടും മെത്രാന്റെ പ്രധാന ആസ്ഥാനങ്ങളിൽ ഒന്നു ആ പള്ളിയായിരുന്നതുകൊണ്ടു സംസ്കാരക്രിയ അവിടെത്തന്നെ നടത്തണമെന്നു എല്ലാവരും കൂടി തീരുമാനിച്ച പ്രകാരം മൃതശരീരം കോലഞ്ചേരിപ്പള്ളിയിൽ സംസ്കരിപ്പാൻ ഇടയായതാണു്.

(തുടരും)

---

യി ജീവിച്ചമിൽട്ടൺ ആയിരുന്നു ആംഗ്ലഭാഷാ ജ്ഞാനികൾക്കു സുപരിചിതമായ Paradise Lost എന്ന ഗ്രന്ഥം നിർമ്മിച്ചതു്.

ക്ഷയരോഗ ബാധിതനായിരുന്ന എഡ്വേർഡു് ലിവിംഗ്സ്റ്റനാണു് അമേരിക്കയിൽ സുപ്രസിദ്ധമായിതീർന്നിട്ടുള്ള സാറാനാക്കു് സാനട്ടോറിയം നിർമ്മിക്കുന്നതിനു മുൻകൈ എടുത്തുപ്രവർത്തിച്ചതു്. സുപ്രസിദ്ധനായ തോമസ് കാർലൈൽ ഫ്രഞ്ചു് വിപ്ളവത്തെ പററി എഴുതിയ ആ മഹൽഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി തീകത്തി നശിച്ചുപോയെങ്കിലും നിരാശനാകാതെ അദ്ദേഹം ആ ഗ്രന്ഥം പുനരായി എഴുതിതീർത്തു. കുറച്ചുനിമിഷം കൂടെ പിടിച്ചുനില്ക്കാമെന്നു് അവർക്കുഗ്രഹിക്കുവാൻ കഴിഞ്ഞുഎന്നുള്ളതാണു് അവരുടെ വിജയകാരണം.

---

### മാർ കൂറിലോസു തിരുമേനിയുടെ സഞ്ചാരപരിപാടി

തിരുമേനിയുടെ സെക്രട്ടറി അറിയിക്കുന്നു:—

കൊല്ലം മെത്രാസനഇടവകയുടെ സഹായമെത്രാൻ മാർ കൂറിലോസ് തിരുമേനി കഴിഞ്ഞ ജൂലൈ മാസത്തിൽ കുണ്ടറ, തിരുവനന്തപുരം, മാന്നാർ, കൊല്ലം, ചെറുവൊക്കൽ, കോട്ടപ്പുറം, പുയപ്പള്ളി, കൊട്ടാരക്കര പടിഞ്ഞാറെപ്പള്ളി, പീടികയിൽപള്ളി, കുഴിയിൽപള്ളി, അയ്പള്ളൂർശാലേം പള്ളി, പുത്തൂർ, കാരയ്ക്കൽ, മാധവശ്ശേരി, കടമ്പനാട്ടു്, പൊരുവഴി, ശൂരനാട്ടു്, കിഴക്കേ[illegible]പള്ളി എന്നീ പള്ളികൾ സന്ദർശിച്ചു. [illegible]ഗസ്റ്റ് മാസത്തിൽ 21—ാം തീയതിവ[illegible]തേവലക്കരപള്ളി ശൂരനാട്ടുപടിഞ്ഞാ[illegible]റപ്പള്ളി, പുതുപ്പള്ളാക്കാട്ടപള്ളി, [illegible]ങ്കോട്ടുപള്ളി, കുണ്ടറ, കോട്ടപ്പുറം, [illegible]ല്ലൂർ, എളമ്പന്തൂർ, ചെമ്മത്തൂർ([illegible]നലൂർ) എന്നീ പള്ളികളും സന്ദർശിച്ചിരിക്കുന്നു. ഓഗസ്റ്റ് 22—ാം തീയതി തിരുവനന്തപുരം 23—ാം തീയതി വാളക്കോട്ടു്, 26—ാംതീയതി മേക്കളം 29—മുതൽ 31 വരെ പറക്കോട്ടു് എന്നീ സ്ഥലങ്ങളിലെ പള്ളികൾ സന്ദർശിക്കുന്നതായിരിക്കും.

Printed and Published by N M. Abraham B.A. at the Malayala Manorama Press, Kottayam